തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 21 | 2016 ഒക്ടോബർ | ലക്കം 10




## 86 – ാമത് പുനരൈക്യ വാർഷിക സഭാസംഗമം

(നൂജിബാൽത്തില പ്രോ– കത്തീഡ്രൽ, പുത്തൂർ ഭദ്രാസനം)

(2016 സെപ്റ്റംബർ 17, 18)

# 22-ാം ഓർമ്മപ്പെരുന്നാൾ



## ആർച്ചുബിഷപ്പ്
## ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ

2016 ഒക്ടോബർ 10, പട്ടം കത്തീഡ്രൽ

രാവിലെ 6.30 ന് : പ്രഭാത നമസ്കാരം, വി. കുർബാന

## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 21 | 2016 ഒക്ടോബർ | ലക്കം 10

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 4/2016 01.09.2016

## സർക്കുലർ

### 86–ാം പുനരൈക്യ വാർഷിക സഭാസംഗമവും കർണ്ണാടക സംസ്ഥാനത്ത് മലങ്കര സുറിയാനി കത്തോലിക്കാ മിഷൻ സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലിയും

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ഭാരത ക്രൈസ്തവ ചരിത്രത്തിൽ പുതിയൊരു സഭാനവീകരണത്തിന് തുടക്കംകുറിച്ച, പുനരൈക്യ പ്രസ്ഥാനത്തിന്റെ 86–ാം വാർഷികവും കർണ്ണാടക സംസ്ഥാനത്ത് മലങ്കര സുറിയാനി കത്തോലിക്കാ മിഷൻ സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലിയും സഭാസംഗമമായി പുത്തൂർ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ 2016 സെപ്റ്റംബർ 17,18 (ശനി, ഞായർ) തീയതികളിൽ സൗത്ത് കാനറായിലെ നൂജ്ബാൽത്തില പ്രോ-കത്തീഡ്രൽ അങ്കണത്തിൽ വച്ച് ആഘോഷിക്കപ്പെടുന്നുവെന്നത് നമുക്കേവർക്കും വലിയ അഭിമാനവും സന്തോഷവും പകരുന്നു. പുനരൈക്യമെന്ന സഭൈക്യ പ്രസ്ഥാനത്തിന്റെ അമരക്കാരൻ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണനടപടികളുടെ കാനോനിക അന്വേഷണങ്ങളുടെ മേജർ അതിഭദ്രാസനതല സമാപനം നടന്നിരിക്കുന്ന ഈ സന്ദർഭത്തിൽ സഭയൊന്നായി ദൈവത്തിന് നന്ദി

പറയുന്നതിനുള്ള ഒരവസരമാ ണിത്. "നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്ക് തന്ന മഹത്വം അവർക്ക് ഞാൻ നൽകിയിരിക്കുന്നു" (യോഹ. 17:22) എന്ന സുവിശേഷവചനമാണ് ഈ വർഷത്തെ സഭാസംഗമത്തിന്റെ മുഖ്യപ്രമേയം.

മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യം മലങ്കരയിൽ ശിഥിലമാക രുത് എന്ന് അതിയായി ആഗ്രഹിച്ച ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അതിനുള്ള ഏകമാർഗ്ഗം സാർവ്വത്രിക സഭയുമായുള്ള ഐക്യമാണെന്ന് പ്രാർത്ഥനയിലൂ ടെയും തപസ്സിലൂടെയും കണ്ടെത്തി. താൻ അംഗമായിരുന്ന മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് അതിനുള്ള പ്രാരംഭ നടപടികൾ 1926 നവംബർ ഒന്നിന് ആരംഭിക്കുകയും 1930 സെപ്റ്റംബർ 20-ന് അത് ഫലമണിയുകയും ചെയ്തു. മലങ്കരയുടെ മണ്ണിൽ കാതോലിക്കേറ്റ് സ്ഥാപിച്ചെടുക്കാൻ മുൻകൈയെടുത്ത വന്ദ്യ പിതാവ്, സ്വയം ത്യജിക്കലിലൂടെ മാത്രമേ ശാശ്വത സമാ ധാനം സംസ്ഥാപിതമാകുകയുള്ളൂ എന്ന് ഉറച്ച് വിശ്വസിച്ചിരുന്നു. ജോബിനെപ്പോലെ പ്രതികൂലസാഹചര്യങ്ങളിൽ ദൈവബന്ധം കാത്തുസൂക്ഷിച്ചതിന്റെ പ്രതിസമ്മാനമാണ് ഇന്ന് മലങ്കര സുറി യാനി കത്തോലിക്കാസഭയ്ക്കുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വളർച്ചയുടെ രഹസ്യം. 'എല്ലാം ത്യജിച്ചവന് സ്വർഗ്ഗം കൂട്ടായി എത്തി' എന്നത് വന്ദ്യപിതാവിന്റെ ജീവിതത്തിലൂടെ അന്വർത്ഥമാ കുകയായിരുന്നു. ആ സാക്ഷ്യത്തിന് സ്വർഗ്ഗം കൈയൊപ്പ് ചാർത്തി യപ്പോൾ വന്ദ്യ പിതാവിന്റെ ജീവിതവും അതിലൂടെ നേടിയെ ടുത്ത സഭാകൂട്ടായ്മയും ലോകത്തിന് മാതൃകയായി വളരാനുള്ള ഭാഗ്യം പിന്നിട്ട 86 വർഷങ്ങളിലൂടെ ദൈവം നമുക്ക് ഒരുക്കിതന്നു.

1932 ജൂൺ 11-ന് തിരുവനന്തപുരം അതിഭദ്രാസനവും തിരുവല്ലാ ഭദ്രാസനവും രൂപീകൃതമായി. 1950 കാലഘട്ടത്തിലാണ് കർണ്ണാടകസംസ്ഥാനത്തിന്റെ ദക്ഷിണഭാഗത്തേക്ക് മലങ്കര മക്കൾ കുടിയേറ്റം ആരംഭിക്കുന്നത്. 1958 ഫെബ്രുവരി 14-ാം തീയതി പരി ശുദ്ധസിംഹാസനം പുറപ്പെടുവിച്ച പ്രത്യേക പ്രഖ്യാപനത്തിലൂടെ (Prot. No. 534/53) തിരുവല്ലാ ഭദ്രാസനത്തിന്റെ പ്രവർത്തന മണ്ഡലം കർണ്ണാടക സംസ്ഥാനത്തേക്ക് വ്യാപിപ്പിച്ചു. 1960 ൽ തിരുവല്ലാ ഭദ്രാസനത്തിന്റെ ത്രിതീയാദ്ധ്യക്ഷൻ ഭാഗ്യസ്മരണാർഹ

നായ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ കർണ്ണാടക സംസ്ഥാനത്തെ മിഷൻ സാധ്യതകളെപ്പറ്റി പഠിക്കുകയും ദിവംഗതനായ നേര്യംപറമ്പിൽ തോമസ് അച്ചനെ അതിനായി നിയോഗിക്കുകയും ചെയ്തു. തുടർന്ന് 1967-ൽ റവ. ഫാ. ഐസക് കൂട്ടപ്ളാക്കൽ (ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്താ) ആദ്യമായി ആ പ്രദേശത്ത് മലങ്കര കുർബാന അർപ്പിക്കുകയും സൗത്ത് കാനറായിലെ പ്രഥമ വികാരിയായി റവ. ഫാ. തോമസ് താന്നിക്കാകുഴി നിയമിതനാവുകയും ചെയ്തു. 1978 ഒക്ടോബർ 28-ന് ബത്തേരി ഭദ്രാസനം സ്ഥാപിതമായപ്പോൾ ഈ പ്രദേശങ്ങൾ അതിന്റെ ഭാഗമായിത്തീർന്നു. ബത്തേരി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ (മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവ) നേതൃത്വത്തിൽ ബത്തേരി രൂപതയുടെ ബാലാരിഷ്ടതകൾക്കിടയിലും കർണാടകയിലെ സഭയുടെ നാനാവിധമായ വളർച്ചയെ പരിപോഷിപ്പിക്കുകയും കർണാടകത്തിലെ സൗത്ത് കാനറ വൈദിക ജില്ലയിലെ മിഷൻ പ്രവർത്തനത്തിന് ബഥനി ആശ്രമത്തെ പ്രത്യേകമായി നിയോഗിക്കുകയും ചെയ്തു. കർണാടകയുടെ മറ്റു പ്രദേശങ്ങളിൽ ബത്തേരി ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികർ സേവനനിരതരായി. സംഘാതാത്മകമായ ഈ പ്രവർത്തനങ്ങളുടെയെല്ലാം ഫലമായി നിരവധി ഇടവകകൾ, കൂട്ടായ്മകൾ രൂപീകൃതമായി.

ഈ പ്രദേശത്തിന്റെ പ്രത്യേക അജപാലന ശുശ്രൂഷകൾ മുൻനിറുത്തി പരിശുദ്ധസിംഹാസനത്തിന്റെ അനുമതിയോടെ 2010 ജനുവരി 25-ന് (Prot. No. 2/2010) നമ്മുടെ സഭയുടെ പരിശുദ്ധ സുന്നഹദോസിന്റെ ആലോചനയിൽ സഭാദ്ധ്യക്ഷൻ എന്ന നിലയിൽ ഞാൻ ബത്തേരി ഭദ്രാസനം വിഭജിച്ച് പുത്തൂർ ഭദ്രാസനം സ്ഥാപിക്കുകയും അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായെ പുത്തൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി നിയമിക്കുകയും ചെയ്തു. ബത്തേരി ഭദ്രാസനത്തിൽ നിന്നും ബഥനി സന്യാസ സമൂഹത്തിൽ നിന്നും ബഹുമാനപ്പെട്ട വൈദികർ ഈ പ്രദേശത്തെ മിഷൻ ശുശ്രൂഷയിൽ വ്യാപൃതരാകുകയും പുതിയ മിഷൻ കേന്ദ്രങ്ങൾ

സ്ഥാപിക്കുകയും വിദ്യാഭ്യാസ-ആതുര സ്ഥാപനങ്ങൾ തുടങ്ങാൻ നേതൃത്വം നൽകുകയും ചെയ്തു. ബഥനി സന്യാസിനീ സമൂഹവും മേരിമക്കൾ സമൂഹവും ഹോളിസ്പിരിറ്റ് സമൂഹവും ദീനസേവനസന്യാസിനീ സമൂഹവും നിസ്തുലമായ സേവനങ്ങൾ ഈ പ്രദേശത്ത് നൽകി. ഇത് ഇന്നത്തെ പുത്തൂർ ഭദ്രാസനത്തിലെ വിവിധ പ്രദേശങ്ങളിലുള്ള മലങ്കര മക്കളെ ഒരുമിച്ചു കൂട്ടുന്നതിനുള്ള പ്രയത്നങ്ങൾക്ക് കൂടുതൽ ഉണർവ് പകർന്നു. മിഷൻ പ്രവർത്തനങ്ങളുടെ 50 വർഷം പിന്നിടുന്ന ഈ വേളയിൽ അതിന് നേതൃത്വം കൊടുത്ത ഏവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

സഭാസംഗമവും, 86-ാം പുനരൈക്യ വാർഷികാഘോഷവും കർണ്ണാടക മലങ്കര സുറിയാനി കത്തോലിക്കാ മിഷന്റെ സുവർണ്ണ ജൂബിലിയും പുത്തൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെയാണ് സഭയൊന്നാകെ ആഘോഷിക്കുന്നത്. ആ പ്രദേശത്തെ പ്രത്യേകമായ സാഹചര്യങ്ങൾ പരിഗണിച്ച് 2016 സെപ്റ്റംബർ 17,18 തീയതികളിൽ ഭദ്രാസനത്തിന്റെ പ്രോ-കത്തീഡ്രൽ സ്ഥിതിചെയ്യുന്ന നൂജിബാൽത്തില മാർ ഈവാനിയോസ് നഗറിൽ വച്ചായിരിക്കും ആഘോഷപരിപാടികൾ നടത്തപ്പെടുന്നത്. സെപ്റ്റംബർ 17-ാം തീയതി രാവിലെ എം.സി. വൈ.എം. അന്തർദേശീയ ക്വിസ് മത്സരവും ഉച്ചകഴിഞ്ഞ് പുനരൈക്യ പ്രേഷിത വിളംബരറാലി, ദീപശിഖാപ്രയാണം, കുടുംബസംഗമം എന്നിവയും നടക്കും. വൈകിട്ട് സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷസന്ധ്യയും വചനാധിഷ്ഠിത കലാപരിപാടികളും ഉണ്ടായിരിക്കും. 18-ാം തീയതി ഞായറാഴ്ച രാവിലെ എട്ടുമണിക്ക് നടക്കുന്ന ആഘോഷമായ സമൂഹബലിയോടെയും പൊതുസമ്മേളനത്തോടെയും 86-ാം പുനരൈക്യ വാർഷിക ആഘോഷങ്ങൾക്ക് സമാപനം കുറിക്കും. ആഘോഷക്രമീകരണങ്ങൾക്ക് പുത്തൂർ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെയും വികാരി ജനറാൾ വന്ദ്യ മോൺ. ഡോ. ജോർജ്ജ് കാലായിൽ അച്ചന്റെയും നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.

പുനരൈക്യസംഗമവേദികൾ നമ്മുടെ കൂട്ടായ്മയുടെ ചരിത്രപരമായ സാക്ഷ്യത്തിന്റെ പ്രതിരൂപങ്ങളാണ്. കർണ്ണാടകയുടെ

മണ്ണിൽ ഇദംപ്രഥമമായി ഈ ആഘോഷം നാം സംഘടിപ്പിക്കുമ്പോൾ ആ പ്രദേശത്തുള്ള നമ്മുടെ മലങ്കരമക്കളോടുള്ള സഭാകൂട്ടായ്മയും ഐക്യദാർഢ്യവും പ്രകടിപ്പിക്കാനുള്ള നല്ലൊരു അവസരമാണ് നമുക്ക് കൈവന്നിരിക്കുന്നത്. അനുഗ്രഹീതമായ ഈ ആഘോഷങ്ങളിൽ പങ്കെടുത്ത് പരിപാടികളെ സജീവമാക്കുവാനും വിജയിപ്പിക്കുവാനും ഓരോ മലങ്കര വിശ്വാസിക്കും പ്രത്യേകമായ കടമയും ഉത്തരവാദിത്വവും ഉണ്ട്. അങ്ങനെ നമ്മുടെ സഭാത്മകകൂട്ടായ്മ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നിങ്ങളേവരെയും ഹൃദയപൂർവ്വം ഞാൻ ക്ഷണിക്കുന്നു. സാന്നിധ്യംകൊണ്ടും പ്രാർത്ഥനകൊണ്ടും സാമ്പത്തിക സഹായം കൊണ്ടും പുത്തൂർ ഭദ്രാസനത്തിലെ ഇദംപ്രഥമമായ ഈ സഭാസംഗമം അവിസ്മരണീയമാക്കുവാൻ ഏവരെയും സ്നേഹപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു.

## ബത്തേരി കത്തീഡ്രൽ ദൈവാലയ കൂദാശ

2016 സെപ്റ്റംബർ 19, 20 തീയതികളിലായി ബത്തേരി സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയത്തിന്റെ മൂറോൻ കൂദാശ ക്രമീകരിച്ചിരിക്കുകയാണ്. 19–ാം തീയതി അഭിവന്ദ്യ പിതാക്കന്മാർക്കും വിശിഷ്ഠാ തിഥികൾക്കും സ്വീകരണവും കൂദാശയുടെ ഒന്നാംഭാഗവും നടക്കും. 20–ാം തീയതി കൂദാശയുടെ രണ്ടാം ഭാഗവും ആഘോഷമായ വിശുദ്ധ കുർബാനയും എക്യുമെനിക്കൽ സമ്മേളനവും ഉണ്ടായിരിക്കും. ബത്തേരി ഭദ്രാസനത്തിന്റെ ദീർഘനാളത്തെ സ്വപ്നമാണ് സാക്ഷാത്കരിക്കപ്പെടുന്നത്. കത്തീഡ്രൽ ദൈവാലയത്തിന്റെ പണികൾ പൂർത്തീകരിച്ച് മനോഹരമായ ഒരു ദൈവാലയം രൂപീകരിക്കാൻ നേതൃത്വം കൊടുത്ത ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായെ സഭയുടെ പേരിൽ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. കത്തീഡ്രൽ ഇടവകയുടെ സ്ഥാപകൻ ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനിയെയും കത്തീഡ്രൽ ഇടവകയുടെ വികാരിയും പിന്നീട് ഭദ്രാസനാദ്ധ്യക്ഷനുമായ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായെയും ബഹുമാനപ്പെട്ട മുൻ വികാരിമാരെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലാകാലങ്ങളിൽ നേതൃത്വം നൽകിയ ബഹു. വൈദികരെയും ഇപ്പോഴത്തെ വികാരി വന്ദ്യ

മോൺ. ഡോ. വർഗീസ് താന്നിക്കാകുഴി അച്ചനെയും കത്തീഡ്രൽ ഇടവകയിലെ എല്ലാ കുടുംബങ്ങളെയും പ്രാർത്ഥനകൊണ്ടും സാമ്പത്തിക സഹായങ്ങൾ കൊണ്ടും ഔദാര്യപൂർവ്വമായ പിൻബലം നൽകിയ ഏവരെയും വിശിഷ്യ ബത്തേരി ഭദ്രാസന ത്തിലെ ബഹു. വൈദിക രേയും, സന്യാസിനീ സന്യാസികളെയും ദൈവജനത്തെയും പ്രത്യേകം നന്ദിയോടെ ഓർക്കുകയും അഭിനന്ദനം അറിയിക്കുകയും ചെയ്യുന്നു. മലമുകളിൽ പണിയപ്പെട്ട ഭവനം പോലെ അനേകർക്ക് ഈ ദൈവാലയം അനുഗ്രഹവും ആശ്രയവുമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഏവരെയും സർവ്വശക്തനായ ദൈവം ധാരാളമായി അനുഗ്രഹി ക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

01.09.2016
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

---

N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

# സഭാ വാർത്തകൾ

## 86-ാം പുനരൈക്യ വാർഷികവും സഭാസംഗമവും

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 86-ാമത് പുനരൈക്യവാർഷികവും കർണ്ണാടക സംസ്ഥാനത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭാ മിഷൻ ആരംഭിച്ചതിന്റെ സുവർണ്ണ ജൂബിലി ആഘോഷവും സംയുക്തമായി സഭാസംഗമമായി 2016 സെപ്തംബർ 17, 18 തീയതികളിൽ പുത്തൂർ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നൂജിബാൽത്തില പ്രോ-കത്തീഡ്രൽ ദൈവാലയ അങ്കണത്തിൽ നടന്നു.

2016 സെപ്റ്റംബർ 17 ഉച്ചകഴിഞ്ഞ് 2.30-ന് നടന്ന പുനരൈക്യ പ്രേഷിതറാലിയോടുകൂടിയാണ് പുനരൈക്യ വാർഷികാഘോഷങ്ങൾ ആരംഭിച്ചത്. രാവിലെ നടന്ന എം.സി.വൈ.എം. ആഗോള സംഗമത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അദ്ധ്യക്ഷനായിരുന്നു. ഉച്ചകഴിഞ്ഞ് നടന്ന മലങ്കര സഭാ കുടുംബ സംഗമത്തിൽ 'മലങ്കര സുറിയാനി കത്തോലിക്കാ സഭാ വികസന പാതയിൽ' എന്ന വിഷയത്തെക്കുറിച്ച് ബഹു. കേരള സംസ്ഥാന മുൻ ഡി.ജി.പി. ശ്രീ. ഡോ. അലക്സാണ്ടർ ജേക്കബ് പ്രഭാഷണം നടത്തി. വൈകുന്നേരം നടന്ന സുവിശേഷസന്ധ്യ റവ. ഡോ. ആന്റണി കാക്കനാട് നയിച്ചു. 2016 സെപ്റ്റംബർ 18-ന് രാവിലെ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന അർപ്പിക്കപ്പെട്ടു. വി. കുർബാനയ്ക്ക് ശേഷം നടന്ന പൊതുസമ്മേളനത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അദ്ധ്യക്ഷനായിരുന്നു. ബഹു. കർണ്ണാടക സംസ്ഥാന വനംവകുപ്പുമന്ത്രി ശ്രീ. രാംനാഥ് റായ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. മുൻമന്ത്രിയും എം.എൽ.എ. യുമായ ശ്രീ. വിനയകുമാർ സൊറക്കൈ, ജില്ലാ-താലൂക്ക് പഞ്ചായത്ത് പ്രതിനിധികൾ, സീറോ മലബാർ സഭയുടെ ബൽത്തങ്ങാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി തിരുമേനി, ബാംഗ്ലൂർ ലത്തീൻ അതിരൂപതാ വികാരി ജനറൽ റൈറ്റ് റവ. മോൺ. ഡെന്നിസ് പ്രഭു എന്നിവർ പ്രസംഗിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കർണ്ണാടക മിഷന്റെ സുവർണ്ണജൂബിലി ആഘോ

ഷിക്കുന്ന അവസരത്തിൽ പ്രസ്തുത മിഷൻ പ്രവർത്തനങ്ങളുടെ വിവരണവും പുത്തൂർ ഭദ്രാസനത്തിന്റെ സ്ഥിതിവിവരങ്ങളും പിന്നിട്ട 50 വർഷത്തെ നല്ല ഓർമ്മകളും ചേർത്ത് 'മെമ്മോറിയാ ബോന' എന്ന പേരിൽ ഒരു സ്മരണിക അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനിക്ക് നല്കി പ്രകാശനം ചെയ്തു. സമ്മേളനത്തിന്റെ അവസാനത്തിൽ 86-ാം പുനരൈക്യ വാർഷികാഘോഷങ്ങളുടെ ആതിഥേയരായിരുന്ന പുത്തൂർ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിക്ക് കാതോലിക്കാ പതാക കൈമാറി. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അടുത്ത പുനരൈക്യവാർഷികാഘോഷം തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിലാണെന്ന് പ്രഖ്യാപിക്കുകയും മേജർ അതിഭദ്രാസന പ്രതിനിധികൾക്ക് കാതോലിക്കാ പതാക കൈമാറുകയും ചെയ്തു.

## മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഇരുപതാമത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഇരുപതാമത് സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 2016 സെപ്തംബർ 16-ന് പുത്തൂർ ഭദ്രാസന സാമൂഹ്യ ക്ഷേമവകുപ്പ് കാര്യാലയമായ 'കിഡ്സി'ൽ വച്ച് നടന്നു. സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സുന്നഹദോസിൽ ആർച്ചുബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി, അഭിവന്ദ്യരായ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റോം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണബാസ്, ഏബ്രഹാം മാർ യൂലിയോസ്, വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ അന്തോണിയോസ്, സാമുവൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ് എന്നീ തിരുമേനിമാർ സംബന്ധിച്ചു.

## ബത്തേരി ഭദ്രാസന കത്തീഡ്രൽ കൂദാശ

ബത്തേരി ഭദ്രാസനത്തിന്റെ ആസ്ഥാന ദൈവാലയമായ സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയത്തിന്റെ കൂദാശാകർമ്മം 2016 സെപ്റ്റംബർ 19, 20 തീയതികളിൽ നടന്നു. 2016 സെപ്റ്റംബർ 19 ഉച്ചകഴിഞ്ഞ് 2.30-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയെയും അഭിവന്ദ്യരായ മെത്രാപ്പോലീത്താമാരെയും ദൈവാലയ അങ്കണത്തിലേക്ക് ആനയിച്ചതോടെ ദൈവാലയ മൂറോൻ കൂദാശയുടെ ഒന്നാം ഭാഗത്തിന് തുടക്കമായി. അന്നേദിവസം വൈകിട്ട് 5.30-ന് നടന്ന മതസൗഹാർദ്ദ എക്യുമെനിക്കൽ സമ്മേളനം സീറോ മലബാർ സഭയുടെ മാനന്തവാടി രൂപതാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. മാർ ജോസ് പൊരുന്നേടം തിരുമേനി ഉദ്ഘാടനം ചെയ്തു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അദ്ധ്യക്ഷത വഹിച്ചു. 2016 സെപ്റ്റംബർ 20-ന് ദൈവാലയ മൂറോൻ കൂദാശയുടെ രണ്ടാം ഭാഗം നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ശുശ്രൂഷകൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്താമാർ സഹകാർമ്മികരായി. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് തിരുമേനി വചനസന്ദേശം നൽകി.

## ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഓർമ്മപ്പെരുന്നാൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേലദ്ധ്യക്ഷനും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പുമായിരുന്ന ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 22-ാം ഓർമ്മപ്പെരുന്നാൾ 2016 ഒക്ടോബർ 10-ന് ആഘോഷിക്കുന്നു. മലങ്കര കാത്തലിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 2016 ഒക്ടോബർ 9 ശനിയാഴ്ച 5.00-ന് നാലാഞ്ചിറ സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ നിന്നും കബറിങ്കലേക്ക് ശാന്തി യാത്ര നടക്കുന്നു. 2016 ഒക്ടോബർ 9-ന് വൈകിട്ട് 6.00-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ സന്ധ്യാനമസ്കാരവും കബറിങ്കൽ

ധൂപപ്രാർത്ഥനയും നടക്കും. രാവിലെ 6.30–ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ നേതൃത്വത്തിൽ പ്രഭാതനമസ്കാരവും തുടർന്ന് വി. കുർബാനയും നടക്കും. അഭിവന്ദ്യ പിതാക്കന്മാരും ബഹു. വൈദികരും സഹകാർമ്മികരായിരിക്കും. വി. കുർബാനയെ തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ച വിളമ്പും നടക്കും.

## സുവിശേഷസന്ധ്യ

86–ാം പുനരൈക്യ വാർഷികാഘോഷത്തോടനുബന്ധിച്ച് 2016 സെപ്റ്റംബർ 17 വൈകിട്ട് 6.00 മുതൽ 8.00 വരെ പുത്തൂർ ഭദ്രാസനത്തിലെ നൂജിബാൽത്തിലയിലെ പുനരൈക്യവേദിയിൽ വച്ച് സഭാതലസുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷസന്ധ്യ നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയും അഭിവന്ദ്യ പിതാക്കന്മാരും ബഹു. വൈദികരും ബഹു. സന്ന്യസ്തരും അത്മായരുമടങ്ങുന്ന വലിയൊരു സമൂഹം സുവിശേഷസന്ധ്യയിൽ പങ്കെടുത്തു. സങ്കീർത്തനവായന, ഗാനശുശ്രൂഷ, സന്ധ്യാനമസ്കാരം, വചനവായന, വചനപ്രഘോഷണം, വി. കുർബാനയുടെ ആരാധന എന്നിവ ഉൾച്ചേർന്നതായിരുന്നു സുവിശേഷസന്ധ്യ. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി സന്ധ്യാനമസ്കാരത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് തിരുമേനി വചനശുശ്രൂഷ നടത്തി. സുവിശേഷസംഘം സഭാതല സെക്രട്ടറി റവ. ഡോ. ആന്റണി കാക്കനാട്ട് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## സുവിശേഷസംഘപരിശീലന പരിപാടി

സഭാതല സുവിശേഷസംഘത്തിലെ നാലാം ബാച്ചിന്റെ ആറാമത് പരിശീലനപരിപാടി 2016 ഒക്ടോബർ 6, 7, 8 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടക്കുന്നതായിരിക്കും. ഒക്ടോബർ 10, 11 തീയതികളിൽ സുവിശേഷ പ്രഘോഷകർക്കായുള്ള പ്രത്യേക പരിശീലന പരിപാടി നടക്കും.

## 87-ാം പുനരൈക്യ വാർഷികാഘോഷത്തിന് മേജർ അതിഭദ്രാസനം ആതിഥേയത്വം വഹിക്കും

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 87-ാം പുനരൈക്യ വാർഷികാഘോഷങ്ങൾക്ക് തിരുവനന്തപുരം മേജർ അതിഭദ്രാസനം ആതിഥേയത്വം വഹിക്കും. ഇതു സംബന്ധിച്ച പ്രഖ്യാപനം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പുത്തൂർ ഭദ്രാസനത്തിലെ നൂജിബാൽത്തിലയിൽ നടന്ന 86-ാം വാർഷിക സമാപനയോഗത്തിൽ നടത്തി. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയിൽ നിന്നും കാതോലിക്കാ പതാക തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയും വികാരി ജനറൽമാരായ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പായും റൈറ്റ് റവ. മോൺ. ഡോ. ജോൺ കൊച്ചുതുണ്ടിലും മേജർ അതിഭദ്രാസന എം.സി.എ. പ്രസിഡന്റ് ശ്രീ. ക്രിസ്തുദാസ്, അൽമായ പ്രതിനിധി അഡ്വ. വർഗീസ് കരവാളൂർ, മാതൃസംഘത്തിന്റെ മേജർ അതിഭദ്രാസന പ്രതിനിധി ശ്രീമതി പ്രിൻസി റ്റോം തോട്ടത്തിൽ എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.

## ബഹു. വൈദികരുടെ വാർഷികധ്യാനം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികരുടെ വാർഷികധ്യാനം 2016 ഒക്ടോബർ 2 വൈകുന്നേരം മുതൽ 7 ഉച്ചവരെ തീയതികളിൽ പാലാ സെന്റ് അൽഫോൺസിയൻ സെന്ററിൽ നടക്കും. അണക്കര ധ്യാനകേന്ദ്ര ഡയറക്ടർ റവ. ഫാ. ഡൊമനിക് വളന്മനാലാണ് ധ്യാനം നയിക്കുന്നത്.

## ദൈവാലയ കൂദാശ

കാട്ടാക്കട വൈദികജില്ലയിലെ കാട്ടുവിള മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം 2016 സെപ്റ്റംബർ 28 ഉച്ച കഴിഞ്ഞ് 2.30-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി

നിർവ്വഹിച്ചു. ദൈവാലയകൂദാശാകർമ്മത്തിനു മുന്നോടിയായി ഇടവകയിൽ പുതുതായി നിർമ്മിച്ച പരി. ലൂർദ്ദ് മാതാവിന്റെ നാമത്തിലുള്ള കുരിശ്ശടിയുടെ കൂദാശാകർമ്മവും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി സഹകാർമ്മികനായിരുന്നു. ക്രമീകരണങ്ങൾക്ക് ഇടവക വികാരി റവ. ഫാ. ജോർജ്ജ് കൈമലയിൽ നേതൃത്വം നൽകി.

## റൂബി ജൂബിലി

നാൽപതാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിലെ റൂബി ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വികാരി ജനറലും സ്കൂൾ അഡ്മിനിസ്ട്രേറ്ററുമായ റൈറ്റ് റവ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടന്ന ജൂബിലി ആഘോഷ സമ്മേളനം ബഹു. ശ്രീ. ഐ. ബി. സതീഷ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഒരു വർഷം നീളുന്ന ജൂബിലി ആഘോഷത്തിൽ വിവിധ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ 'സ്നേഹപൂർവം ഒരു വീട്' പദ്ധതിയിൽ ഉൾപ്പെടുത്തി ജൂബിലി സ്മാരകമായി ഒരു ഭവനം നിർമ്മിച്ചു നൽകുവാനുള്ള പദ്ധതിയും ആരംഭിച്ചു. സ്കൂൾ ബർസാർ റവ. ഫാ. ഷീൻ പാലക്കുഴി ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## സർവ്വമതസമാധാനപ്രാർത്ഥന

ഇറ്റലിയിലെ അസ്സീസ്സിയിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ നേതൃത്വത്തിൽ 2016 സെപ്റ്റംബർ 20-ന് നടന്ന ലോക സമാധാനത്തിനായുള്ള സർവ്വമതസമ്മേളനത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പാളയം സമാധാനരാജ്ഞി ബസിലിക്കാ ദൈവാലയത്തിന്റെ ആഭിമുഖ്യത്തിൽ സർവ്വമതപ്രാർത്ഥന നടത്തി. പാളയം ഇമാം ശ്രീ. മൗലവി സുഹൈബ് വി. പി., ഏകലവ്യ ആശ്രമ മഠാധിപതി സ്വാമി അശ്വതി തിരുനാൾ, യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റ് ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജോൺ അരീക്കൽ എന്നിവർ മെഴുകുതിരികൾ തെളിയിച്ച് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ബസിലിക്ക റെക്ടർ റവ. ഫാ. ജോസ് ചരുവിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## ഒന്നാം സെമസ്റ്റർ പരീക്ഷ

ഈ അധ്യയന വർഷത്തിലെ ഒന്നാം സെമസ്റ്റർ പരീക്ഷ 2016 നവംബർ 8 ഉച്ചയ്ക്ക് 2 മണി മുതൽ 4 മണിവരെ ഇടവകകളിൽ വച്ച് നടത്തപ്പെടുന്നു. ജില്ലാ കേന്ദ്രങ്ങളിൽ നിന്നും ചോദ്യപേപ്പർ കൈപ്പറ്റേണ്ടതാണ്. പരീക്ഷയുടെ സമയക്രമത്തിൽ കൃത്യത പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഉത്തരകടലാസ്സുകൾ മൂല്യനിർണ്ണയം നടത്തി മാർക്ക് ലിസ്റ്റ് തയ്യാറാക്കി ഇടവകയിൽ സൂക്ഷിക്കുകയും പ്രൊമോഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## സർഗ്ഗോത്സവം 2016

ഈ വർഷത്തെ സണ്ടേസ്കൂൾ കലാമത്സരങ്ങൾ - സർഗ്ഗോത്സവം 2016 മേജർ അതിഭദ്രാസനതലത്തിൽ 2016 നവംബർ 12-ന് പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തപ്പെടുന്നു.

### മത്സര വിഭാഗങ്ങൾ

1. നഴ്സറി : 2011 ജനുവരി 1 നു ശേഷം ജനിച്ചവർ
2. സബ്ജൂനിയേഴ്സ് : 2008 ജനുവരി 1 നും 2010 ഡിസംബർ 31
3. ജൂനിയേഴ്സ് : 2005 ജനുവരി 1 നും 2007 ഡിസംബർ 31
4. ഇന്റർമീഡിയറ്റ് : 2002 ജനുവരി 1 നും 2004 ഡിസംബർ 31
5. സീനിയേഴ്സ് : 1998 ജനുവരി 1 നും 2001 ഡിസംബർ 31

- മത്സരാർത്ഥികൾ സണ്ടേസ്കൂൾ റഗുലറായി പഠിക്കുന്നവരായിരിക്കണം.
- മത്സരാർത്ഥികൾക്ക് കുട്ടികളുടെ ഡയറി നിർബന്ധമായിരിക്കും.

# മത്സര ഇനങ്ങൾ

## 1) നഴ്സറി വിഭാഗം

1. അഭിനയഗാനം (ആക്ഷൻ സോംഗ്) (3 മിനിറ്റ്)
2. ബൈബിൾ കഥ (5 മിനിറ്റ്)

## 2) സബ്ജൂനിയേഴ്സ്

1. ലളിതഗാനം (5 മിനിറ്റ്)
2. ബൈബിൾ കഥ (5 മിനിറ്റ്)

## 3) ജൂനിയേഴ്സ്

കലാമത്സരങ്ങൾ

1. ലളിതഗാനം (5 മിനിറ്റ്; ക്രിസ്തീയ ഗാനങ്ങൾ മാത്രം; ക്ലാസിക്കൽ സെമിക്ലാസിക്കൽ പാടില്ല)
2. മോണോആക്ട് (5 മിനിറ്റ്) (ബൈബിൾ വിഷയം മാത്രം)
3. ബൈബിൾ വായന (3 മിനിറ്റ്) (പുതിയനിയമം മാത്രം)
4. പ്രസംഗം (5 മിനിറ്റ്)

**വിഷയങ്ങൾ**

1. "എന്റെ സ്വർഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ"
2. കരുണാനിധിയായ നല്ലിടയൻ
3. ദൈവകരുണയുടെ പ്രേഷിത-മദർ തെരേസ

## 4) ഇന്റർമീഡിയറ്റ്

*കലാമത്സരങ്ങൾ*

1. ലളിതഗാനം (5 മിനിറ്റ്; ക്രിസ്തീയ ഗാനങ്ങൾ മാത്രം; ക്ലാസിക്കൽ സെമിക്ലാസിക്കൽ പാടില്ല)
2. ബൈബിൾ വായന (3 മിനിറ്റ്) (പുതിയനിയമവും പഴയനിയമവും)
3. മോണോആക്ട് (5 മിനിറ്റ്) (ബൈബിൾ വിഷയം മാത്രം)
4. പ്രസംഗം (5 മിനിറ്റ്)

**വിഷയങ്ങൾ**

1. കരുണ-എന്റെ ജീവിതത്തിൽ
2. ദൈവകാരുണ്യത്തിന്റെ മാതാവ്-പരിശുദ്ധ കന്യകാമറിയം
3. കുരിശിൽ വിരിയുന്ന ദൈവകാരുണ്യം

**വിഷയങ്ങൾ**

1. സഭ-ക്രിസ്തുവിന്റെ കരുണയുടെ ദൃശ്യമുഖം
2. അനുരഞ്ജന കൂദാശയിലെ ദൈവകാരുണ്യം
3. കരുണയുടെ പ്രായോഗിക തലങ്ങൾ

**5. സീനിയേഴ്സ്**

**കലാമത്സരങ്ങൾ**

1. ലളിതഗാനം (5 മിനിറ്റ്; ക്രിസ്തീയ ഗാനങ്ങൾ മാത്രം; ക്ലാസിക്കൽ സെമിക്ലാസിക്കൽ പാടില്ല; (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം)
2. മോണോആക്ട് (5 മിനിറ്റ്) (ബൈബിൾ വിഷയം മാത്രം)
3. ബൈബിൾ വായന (3 മിനിറ്റ്) (പുതിയനിയമവും പഴയനിയമവും)
4. പ്രസംഗം (5 മിനിറ്റ്, വിഷയം മത്സരസമയത്ത് നൽകുന്നതായിരിക്കും)

## സംഘയിനങ്ങൾ

1. **ആരാധനാഗീതം :** (7 പേർ, 7 മിനിറ്റ്)
   ഗീതങ്ങൾ: (ഏവൻഗേലിയോൻ കഴിഞ്ഞ് ചൊല്ലാവുന്ന ഗീതങ്ങൾ)
   (വി. കുർബാനക്രമത്തിലെ അനുബന്ധത്തിലുള്ളവ)
   (മത്സരസമയത്ത് നല്കുന്ന പാട്ടുകൾ മാത്രമേ പാടുവാൻ പാടുള്ളൂ)
2. **മാർഗ്ഗംകളി:**
   (പെൺകുട്ടികൾക്കു മാത്രം, 7 പേർ, 7 മിനിറ്റ്)

# എം.സി.വൈ.എം. വാർത്തകൾ

## 'മന്ന' ഉച്ചഭക്ഷണവിതരണം

വാഴ്ത്തപ്പെട്ട മദർ തെരേസാ വിശുദ്ധയായി ഉയർത്തപ്പെട്ട 2016 സെപ്റ്റംബർ 4-ാം തീയതി എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം നഗരത്തിലെ തെരുവോരങ്ങളിൽ ഭിക്ഷാടനം നടത്തുന്ന സഹോദരങ്ങൾക്ക് ഉച്ചഭക്ഷണവിതരണം ചെയ്തു. വിവിധ വൈദികജില്ലാകേന്ദ്രങ്ങളിൽ വിശുദ്ധപദപ്രഖ്യാപനത്തോടനുബന്ധിച്ച് എം.സി.വൈ.എം. ജില്ലാസമിതികളുടെ ആഭിമുഖ്യത്തിൽ പ്രാർത്ഥനാശുശ്രൂഷകൾ നടന്നു.

## 'ഓണനിലാവ്'

എം.സി.വൈ.എം. മേജർ അതിഭദ്രാസനസമിതിയുടെ ഓണാഘോഷം 'ഓണനിലാവ്' 2016 സെപ്റ്റംബർ 12-ന് കിളിമാനൂർ വൈദികജില്ലയുടെ ആഭിമുഖ്യത്തിൽ തട്ടത്തുമല മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്നു. വിവിധ കലാ-കായിക മത്സരങ്ങളോടെ ആരംഭിച്ച ഓണാഘോഷപരിപാടികളുടെ സമാപന സമ്മേളനം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു. ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും തദവസരത്തിൽ ഓണക്കിറ്റ് വിതരണം നടത്തി. റവ. ഫാ. വർഗീസ് കിഴക്കേക്കര, റവ. ഫാ. അരുൺ ഏറത്ത്, റവ. ഫാ. എബ്രഹാം മുരുപ്പേൽ, ശ്രീ. ലിബിൻ ബാബു, ശ്രീ. ഷൈജു ജോസഫ്, ശ്രീ. ജോൺ ഒറ്റക്കൊമ്പ് എന്നിവർ പ്രസംഗിച്ചു.

## അന്തർദേശീയ യുവജനക്വിസ്

86-ാം പുനരൈക്യ വാർഷികാഘോഷങ്ങളുടെ ഭാഗമായി പുത്തൂർ ഭദ്രാസനത്തിലെ നൂജിബാൽത്തിലയിൽ നടന്ന അന്തർദേശീയ യുവജനക്വിസ് മത്സരത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനം രണ്ടാം സ്ഥാനം കരസ്ഥമാക്കി. കൊട്ടാരക്കര വൈദികജില്ലയാണ് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തെ പ്രതിനിധീകരിച്ചത്.

## യുവോത്സവ് 2016

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ എം.സി. വൈ.എം. അംഗങ്ങളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മേജർ അതിഭദ്രാസനതല കലാമത്സരങ്ങൾ **2016 നവംബർ 26-ാം തീയതി പട്ടം സെന്റ് മേരീസ് സ്കൂളിൽ** വച്ച് നടത്തപ്പെടുന്നു.

## മത്സര ഇനങ്ങൾ

**ലളിത ഗാനം** : 4 മിനിട്ട്, ക്രിസ്തീയ ഭക്തിഗാനങ്ങൾ (യുവാക്കൾക്കും യുവതികൾക്കും പ്രത്യേകം, ക്ലാസ്സിക്കൽ-സെമിക്ലാസ്സിക്കൽ പാടില്ല, ലളിതഗാനശൈലി ഉപയോഗിക്കുക)

**പ്രസംഗം** : 5 മിനിട്ട്, ഭാഷ മലയാളം, മത്സരത്തിന് 5 മിനിട്ട് മുമ്പ് വിഷയം നൽകുന്നതാണ്. (യുവാക്കൾക്കും യുവതികൾക്കും പ്രത്യേകം)

**മോണോ ആക്ട്** : 5 മിനിട്ട്, ഒരു കഥയോ സംഭവമോ അവതരിപ്പിക്കുക. എല്ലാ കഥാപാത്രങ്ങളെയുംരൂപത്തിലും ഭാവത്തിലും ശബ്ദത്തിലും അനുകരിക്കണം ധാർമ്മിക മൂല്യങ്ങൾക്ക് ഉതകുന്നവയായിരിക്കണം. (മത്സരം പൊതുവിൽ)

**കഥാപ്രസംഗം** : 10 മിനിട്ട്, വിശുദ്ധ മദർ തെരേസയുടെ ജീവിതത്തെ ആധാരമാക്കി അവതരിപ്പിക്കുക. (മത്സരം പൊതുവിൽ)

**ആരാധനാഗീതം** : 5 മിനിട്ട്, ഏഴ് അംഗങ്ങളിൽ കുറയാനും, 10 അംഗങ്ങളിൽ കൂടാനും പാടില്ല. വിശുദ്ധ കുർബാനയിൽ ഏവൻഗേലിയോനു ശേഷമുള്ള ഗാനങ്ങൾ. (മൽസരത്തിനു പാടാനുള്ള ഗാനങ്ങൾ മത്സര സമയത്ത് നൽകുന്നതാണ്).

**മാർഗ്ഗം കളി** : 7 മിനിട്ട്, മാർത്തോമ്മാ ശ്ലീഹായെ സ്തുതിക്കുന്ന ഗീതങ്ങൾ (7 യുവതികൾ)

**പരിചമുട്ട് കളി** : 8 മിനിട്ട്, (8 യുവാക്കൾ) ആറുപേർ കളിക്കുകയും രണ്ട് പേർ പാട്ടു പാടുകയും ചെയ്യുക.

**തെരുവുനാടകം** : 10 മിനിട്ട്: 10 അംഗങ്ങളിൽ കവിയരുത്. 7 അംഗങ്ങളിൽ കുറയരുത്.

വിഷയം:- കരുണയുടെ യുവജനസാക്ഷികൾ

**എം.സി.വൈ.എം.**

**ആന്തം** : ഏഴ് അംഗങ്ങളിൽ കുറയാനും 10 അംഗങ്ങളിൽ കൂടാനും പാടില്ല. ആന്തത്തിന്റെ ഔദ്യോഗികമായ ശൈലി പാലിക്കേണ്ടതാണ്.

## യുവജനദിനം

2016 ഒക്ടോബർ 2 ഞായർ മലങ്കര സുറിയാനി കത്തോലിക്കാ സഭ യുവജനദിനമായി ആഘോഷിക്കുന്നു. എല്ലാ യുവജനങ്ങൾക്കും തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ പ്രാർത്ഥനാശംസകൾ. മേജർ അതിഭദ്രാസനതല യുവജനദിനാഘോഷങ്ങൾ നെയ്യാറ്റിൻകര വൈദികജില്ലയുടെ ആഭിമുഖ്യത്തിൽ 2016 ഒക്ടോബർ 1-ന് വെണ്ണിയൂർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടക്കും.

## എം.സി.എ. കലോത്സവം

മേജർ അതിഭദ്രാസനതല കലോത്സവം 2016 സെപ്റ്റംബർ 10 പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ നടന്നു. തിരുവനന്തപുരം, നെടുമങ്ങാട്, പാറശ്ശാല, കാട്ടാക്കട, കഴക്കൂട്ടം, അടൂർ, ആയൂർ എന്നീ ജില്ലകളിൽ നിന്നും മത്സരാർഥികൾ പങ്കെടുത്തു. തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. ഗോഡ് ജോയ് കലോത്സവം ഉദ്ഘാടനം ചെയ്തു.

### വിജയികൾ

**ലളിതഗാനം (പുരുഷന്മാർ)**

| | | |
|---|---|---|
| ബിനുരാജ് | കാട്ടാക്കട | I |
| ഷാജൻ | കഴക്കൂട്ടം | II |
| ബിന്നി വർഗീസ് | ആയൂർ | III |

**ലളിതഗാനം (സ്ത്രീകൾ)**

| | | |
|---|---|---|
| ഷീല എസ്. അനിൽ | കഴക്കൂട്ടം | I |
| റാണി തോമസ് | തിരുവനന്തപുരം | II |
| വിനു വിജയൻ | കാട്ടാക്കട | III |

**പ്രസംഗം (പുരുഷന്മാർ)**

| | | |
|---|---|---|
| ഷിബു എസ്. ആർ | നെടുമങ്ങാട് | I |
| സേവ്യർ | പാറശ്ശാല | II |
| പോൾ രാജ് | ആയൂർ | II |
| എബി എബ്രഹാം | അടൂർ | III |

**പ്രസംഗം (സ്ത്രീകൾ)**

| | | |
|---|---|---|
| ലൈല | പാറശ്ശാല | I |
| ജസ്ബിൻ | അടൂർ | II |
| ബിനിമോൾ | തിരുവനന്തപുരം | III |

**ബൈബിൾവായന (പുരുഷന്മാർ)**

| | | |
|---|---|---|
| അലക്സ് | കാട്ടാക്കട | I |
| എബ്രഹാം പി.എസ്. | അടൂർ | II |
| ജാക്സൺ | കഴക്കൂട്ടം | III |

**ബൈബിൾവായന (സ്ത്രീകൾ)**

| | | |
|---|---|---|
| ആൻസി റോസ് | നെടുമങ്ങാട് | I |
| ഗ്രേസി തോമസ് | തിരുവനന്തപുരം | II |
| റീണാ ജോണി | പാറശ്ശാല | III |

**ആരാധനാഗീതം**

| | |
|---|---|
| കഴക്കൂട്ടം | I |
| തിരുവനന്തപുരം | II |
| ആയൂർ | III |

**ബൈബിൾക്വിസ്**

| | |
|---|---|
| തിരുവനന്തപുരം | I |
| അടൂർ | II |
| കാട്ടാക്കട | III |

**സംഘഗാനം**

| | |
|---|---|
| തിരുവനന്തപുരം | I |
| നെടുമങ്ങാട് | II |
| ആയൂർ | III |

**ഓവറോൾ വിജയികൾ**

| | |
|---|---|
| തിരുവനന്തപുരം | I |
| കഴക്കൂട്ടം | II |
| കാട്ടാക്കട | III |

## അർധവാർഷിക അസംബ്ലി

എം.സി.എ. മേജർ അതിഭദ്രാസന സമിതിയുടെ അർധ വാർഷിക അസംബ്ലി 2016 സെപ്റ്റംബർ 10-ന് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ നടന്നു.

തദവസരത്തിൽ എം.സി.എ. മേജർ അതിഭദ്രാസന പ്രസിഡന്റ് ശ്രീ. ജെ. ക്രിസ്തുദാസ്, സഭാതല ജനറൽ സെക്രട്ടറി ശ്രീ. തോമസ് ചെറിയാൻ, കേരള കാത്തലിക് ഫെഡറേഷൻ സെക്രട്ടറി ശ്രീ. മോൻസൻ കെ. മാത്യു എന്നിവരെ ആദരിച്ചു.

## ശാന്തിയാത്ര

ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് 2016 ഒക്ടോബർ



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 20-ാം പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൽ പങ്കെടുത്ത അഭിവന്ദ്യ മെത്രാപ്പോലീത്താമാർ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടൊപ്പം
(17-09-2016, പുത്തൂർ)



എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനസമിതിയുടെ ഓണാഘോഷ പരിപാടികൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഓണക്കിറ്റ് നൽകി ഉദ്ഘാടനം ചെയ്യുന്നു.
(12-09-2016, തട്ടത്തുമല)



മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേറ്റിനു മുന്നിൽ സംഘടിപ്പിച്ച ധർണ്ണ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. (26-09-2016)

## ബത്തേരി ഭദ്രാസന കത്തീഡ്രൽ ദൈവാലയ മൂറോൻ കൂദാശാകർമ്മം

(2016 സെപ്റ്റംബർ 19, 20)

### ദൃശ്യങ്ങളിലൂടെ







## പുത്തൂരിൽ നടന്ന 86 – ാമത് പുനരൈക്യ

(നൂജിബാൽത്തില,









## വാർഷികാഘോഷവും സഭാസംഗമവും
2016 സെപ്റ്റംബർ 18)







9 വൈകിട്ട് 4-ന് എം.സി.എ. അതിഭദ്രാസനസമിതിയുടെ ആഭിമുഖ്യത്തിൽ നാലാഞ്ചിറ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നിന്നും പട്ടം കത്തീഡ്രലിലെ കബറിങ്കലേക്ക് ശാന്തിയാത്ര നടത്തുന്നു.

## ആഗോള അത്മായ കൺവെൻഷൻ

എം.സി.എ. ആഗോള അത്മായ കൺവെൻഷൻ 2016 ഒക്ടോബർ 9-ന് നാലാഞ്ചിറ സർവ്വോദയ ജൂബിലി ആഡിറ്റോറിയത്തിൽ നടത്തുന്നു.

## മാർ ഗ്രിഗോറിയോസ് രചനാമത്സരങ്ങൾ

ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മരണ രചനാമത്സരങ്ങൾക്കായി മത്സരാർത്ഥികൾ തയ്യാറാക്കുന്ന രചനകൾ എം.സി.എ. മേജർ അതിഭദ്രാസന സമിതി ഓഫീസിൽ എത്തിക്കേണ്ട സമയപരിധി 2016 ഒക്ടോബർ 30 വരെ നീട്ടിയിരിക്കുന്നു. വിശദവിവരങ്ങൾ കഴിഞ്ഞ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്.

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2016 ഒക്ടോബർ 7, 8, 9 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2016 നവംബർ 11, 12, 13 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

## കാരുണ്യസന്ദേശയാത്ര

കെ.സി.എസ്.എൽ. സംസ്ഥാന ഭാരവാഹികളുടെ നേതൃത്വത്തിൽ നടന്ന കാരുണ്യസന്ദേശയാത്രയെ 2016 സെപ്റ്റംബർ 23-ന് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ സ്വീകരിച്ചു. സംസ്ഥാന ഡയറക്ടർ റവ. ഫാ. തോംസൺ പഴയചിറപീടികയിലും മറ്റ് സംസ്ഥാന ഭാരവാഹികളും പ്രസംഗിച്ചു. വിവിധ കെ.സി.എസ്.എൽ. യൂണിറ്റ് ആനിമേറ്റേഴ്സ്, വിദ്യാർത്ഥി പ്രതിനിധികൾ, പട്ടം സെന്റ് മേരീസ് കെ.സി.എസ്.എൽ. ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു. മേജർ അതിഭദ്രാസനതല കാരുണ്യ സന്ദേശയാത്ര വികാരി ജനറൽ റൈറ്റ് റവ. മോൺ. ഡോ. ജോൺ കൊച്ചുതുണ്ടിൽ ഉദ്ഘാടനം ചെയ്തു.

## അറിയിപ്പ്

കെ.സി.എസ്.എൽ. മേജർ അതിഭദ്രാസന കലോത്സവ രജിസ്ട്രേഷനുള്ള അവസാന തീയതി 2016 ഒക്ടോബർ 31. മേജർ അതിഭദ്രാസനതല കെ.സി.എസ്.എൽ. കലോത്സവം 2017 ജനുവരി 7-ന് പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടക്കും.

ബഹു. പ്രിൻസിപ്പൽമാരും പ്രധാന അധ്യാപകരും ലോക്കൽ മാനേജർമാരായ ബഹു. വൈദികരും സിസ്റ്റേഴ്സും സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കെ.സി.എസ്.എൽ. പ്രവർത്തനങ്ങൾക്ക് മതിയായ പ്രോത്സാഹനം നൽകണം.

ഫാ. ഗീവർഗീസ് എഴിയത്ത്
ഡയറക്ടർ

## മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ഫാ. ബോവസ് മാത്യു സംസ്ഥാന ആസൂത്രണ കമ്മീഷന്റെ പ്രത്യേക സമിതിയിൽ അംഗം

മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബോവസ് മാത്യുവിനെ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ കീഴിൽ കാലാവസ്ഥാ വ്യതിയാനത്തിനും പ്രകൃതി ദുരന്ത നിവാരണത്തിനുമായി രൂപീകരിച്ച പ്രത്യേക സമിതിയിൽ അംഗമായി നാമ നിർദ്ദേശം ചെയ്തു. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. ഡി. ജയരാമനാണ് സമിതി അദ്ധ്യക്ഷൻ.

### DDU-GKY പ്രത്യേക യോഗം

DDU-GKY പദ്ധതിയുടെ ഒരു പ്രത്യേക യോഗം സെപ്റ്റംബർ 9-ന് സ്രോതസ്സിൽ വച്ച് നടന്നു.

### DDU-GKY ഫിസിക്കൽ വെരിഫിക്കേഷൻ

DDU-GKY പദ്ധതിയുടെ ഫിസിക്കൽ വെരിഫിക്കേഷൻ സെപ്റ്റംബർ 19 മുതൽ 25 വരെ നടന്നു. രാജൻ കാരക്കാട്ടിൽ, ഷേർളി ജോൺസൺ, മിഥുൻ തോമസ്, നിഷ മാത്യു എന്നിവർ നേതൃത്വം നൽകി.

### DDU-GKY പരിശീലന പരിപാടി

എറണാകുളത്ത് വച്ച് സെപ്റ്റംബർ 26-ന് നടന്ന DDU-GKY പരിശീലന പരിപാടിയിൽ ജിൻസി. എസ്.എസ്, കൃഷ്ണ കുമാർ എന്നിവർ പങ്കെടുത്തു.

### DDU-GKY അന്ത്യോദയ ദിവാസ് ആഘോഷ പരിപാടികൾ

DDU-GKY അന്ത്യോദയ ദിവാസ് ആഘോഷ പരിപാടികൾ സെപ്റ്റംബർ 26, 27 തീയതികളിൽ സ്രോതസ്സിൽ വച്ച് നടന്നു. അലുമിനി മീറ്റ്, സ്കിൽ കോംപറ്റീഷൻ, പ്രസംഗ മൽസരം, സർട്ടിഫിക്കറ്റ് ഡിസ്ട്രിബ്യൂഷൻ എന്നിവ സംഘടിപ്പിച്ചു. ഫാ. ബോവസ്

മാത്യു മുഖ്യാഥിതി ആയിരുന്നു. ജിൻസി. എസ്.എസ്, രേഖാ പ്രഭാത്, സുവിത് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## SAFP മീറ്റിംഗ്

SAFP പദ്ധതിയുടെ ഒരു വിലയിരുത്തൽ യോഗം 23-ന് സ്രോതസ്സിൽ വച്ച് നടന്നു. ഫാ. ബോവസ് മാത്യു, സിസ്റ്റർ സൂക്തി എന്നിവർ നേതൃത്വം നൽകി.

## പ്രോജക്ട് അക്ഷ്യ യോഗം

പ്രോജക്ട് അക്ഷ്യയുടെ ഒരു യോഗം 23-ന് സ്രോതസ്സിൽ വച്ച് നടന്നു. ബിന്ദു ബേബി, ആന്റണി എന്നിവർ നേതൃത്വം നൽകി.

## തദ്ദേശമിത്രം പദ്ധതി റിവ്യു

സെപ്റ്റംബർ 26-ന് തിരുവനന്തപുരത്ത് വച്ച് നടന്ന തദ്ദേശമിത്രം സംസ്ഥാനതല റിവ്യു മീറ്റിംഗിൽ രാജൻ കാരക്കാട്ടിൽ പങ്കെടുത്തു.

## സന്നദ്ധ സേവന പരിശീലനം

**KSSF** -ന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 26, 27 തീയതികളിൽ കോട്ടയത്ത് വച്ച് നടന്ന സന്നദ്ധ സേവന പരിശീലകർക്കുള്ള പരിപാടിയിൽ ബിന്ദു ബേബി, ഷീലാ രാജൻ എന്നിവർ പങ്കെടുത്തു.

## തദ്ദേശമിത്രം പഞ്ചായത്ത്തല റിവ്യു മീറ്റിംഗ്

പൂക്കോട്ട്കാവ്, മുതലമട പഞ്ചായത്തുകളിൽ സെപ്റ്റംബർ 26, 27 തീയതികളിൽ നടന്ന തദ്ദേശമിത്രം റിവ്യു മീറ്റിംഗിൽ രാഗി ബി.ആർ പങ്കെടുത്തു.

## സാമൂഹ്യ സംഘാടക സമ്മേളനവും ഓണാഘോഷവും

മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി സാമൂഹ്യ സംഘാടക സമ്മേളനവും ഓണാഘോഷ പരിപാടികളും സംയുക്തമായി സെപ്റ്റംബർ 7-ന് സ്രോതസ്സിൽ വച്ച് സംഘടിപ്പിച്ചു. പരിപാടികൾക്ക് സജി കെ. ബേബി, രാജുമോൻ, പുഷ്പം ജോസ് എന്നിവർ നേതൃത്വം നൽകി.

## സ്റ്റാഫ് മീറ്റിംഗ്

പ്രോജക്ടുകളുടെ ഗതി നിയന്ത്രണ വിലയിരുത്തൽ യോഗം സെപ്റ്റംബർ 5-ന് സ്രോതസ്സിൽ നടന്നു. രാജൻ കാരക്കാട്ടിൽ നേതൃത്വം നൽകി.

## വിവിധ ധനസഹായങ്ങൾ

I കുടുംബസഹായ പദ്ധതിയിൽ

| | | |
|---|---|---|
| 1 | തങ്കമ്മ ആര്യങ്കാവ് ഇടവക | 15000/- |
| 2 | ഷീല കല്ലടിച്ചവിള ഇടവക | 4358/- |
| 3 | നിർമ്മല തിങ്കൾക്കരിക്കം ഇടവക | 6400/- |
| 4 | ടിനി കല്ലടിച്ചവിള ഇടവക | 15000/- |
| 5 | സന്ധ്യ കല്ലടിച്ചവിള ഇടവക | 10000/- |
| 6 | പ്രഭകുമാരി പോത്തൻകോട് ഇടവക | 9000/- |
| 7 | സുധ കല്ലടിച്ചവിള ഇടവക | 10000/- |
| 8 | ജലജ കാരമൂട് ഇടവക | 10000/- |
| 9 | ഉഷ പോത്തൻകോട് ഇടവക | 7000/- |
| 10 | ലിലീന കാരമൂട് ഇടവക | 8000/- |
| 11 | വനജ വലിയവിള ഇടവക | 6500/- |
| 12 | സിന്ധു ബാലരാമപുരം ഇടവക | 12000/- |
| 13 | സുനിത പൂവാർ ഇടവക | 10000/- |
| 14 | സുനിത കാഞ്ഞിരംകുളം ഇടവക | 10000/- |
| 15 | ഗ്ലോറിലീല കാഞ്ഞിരംകുളം ഇടവക | 10000/- |
| 16 | അനിത മുല്ലൂർ ഇടവക | 12000/- |
| 17 | പ്രിയ നെടുങ്കാട് ഇടവക | 12000/- |
| 18 | ശാന്തി നെടുങ്കാട് ഇടവക | 10000/- |
| 19 | ശകുന്തള നെടുങ്കാട് ഇടവക | 10000/- |
| 20 | ബിന്ദു നെടുങ്കാട് ഇടവക | 10000/- |
| 21 | വൽസലകുമാരിയമ്മ കൊടിഞ്ഞം ഇടവക | 14000/- |
| 22 | പ്രീത കൊടിഞ്ഞം ഇടവക | 14000/- |

| | | |
|---|---|---|
| 23 | സിന്ധു ചെറുകര ഇടവക | 14000/- |
| 24 | ഗിരിജ ചെറുകര ഇടവക | 14000/- |
| 26 | വസന്ത ചെറുകര ഇടവക | 14000/- |
| 27 | സന്ധ്യ ഇയ്യക്കോട് ഇടവക | 14000/- |
| 28 | രാധ ചെറുകര ഇടവക | 14000/- |
| 29 | സിനി കൊടിഞ്ഞം ഇടവക | 16000/- |
| 30 | കല ഇയ്യക്കോട് ഇടവക | 15000/- |
| 31 | കൃഷ്ണകുമാരി കൊടിഞ്ഞം ഇടവക | 15000/- |
| 32 | ജസ്സിമോൾ ചെറുകര ഇടവക | 15000/- |
| 33 | അനിത ചെറുകര ഇടവക | 13000/- |
| 34 | അൻസ ചെറുകര ഇടവക | 13000/- |
| 35 | ആശ ചെറുകര ഇടവക | 13000/- |
| 36 | രമാദേവി കൊടിഞ്ഞം ഇടവക | 17000/- |
| 37 | ഷീന കൊടിഞ്ഞം ഇടവക | 14000/- |
| 38 | ഉഷാകുമാരി ഇയ്യക്കോട് ഇടവക | 15000/- |
| 39 | ഗിരിജ കാരമൂട് ഇടവക | 20000/- |
| 40 | ലില്ലിബായ് ആനാട് ഇടവക | 11000/- |
| 41 | രാധിക പൂവത്തൂർ ഇടവക | 10000/- |

എന്നിവർക്ക് നൽകി.

## അഭിനന്ദനങ്ങൾ

തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗവും മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടറുമായ റവ. ഫാ. ബോവസ് മാത്യു മേലൂട്ടിനെ കേരള സംസ്ഥാന ആസൂത്രണ കമ്മീഷനിലെ പ്രത്യേക സമിതിയിലെ അംഗമായി നാമ നിർദ്ദേശം ചെയ്യപ്പെട്ടു.

**ബഹു. അച്ചന് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ**

## ദൈവശാസ്ത്ര-പ്രസിദ്ധീകരണ വിഭാഗം

# കുടുംബങ്ങളുടെ നന്മയ്ക്കായ് രണ്ട് ഉത്തമഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ദൈവശാസ്ത്ര പ്രസിദ്ധീകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കുടുംബങ്ങൾക്കായ് രണ്ട് വിശിഷ്ട ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. പരി. ഫ്രാൻസിസ് മാർപാപ്പയുടെ ഏറ്റവും പുതിയ അപ്പസ്തോലിക പ്രബോധനമായ 'അമോരിസ് ലെത്തീസി' യെകുറിച്ചുള്ള സമഗ്ര പഠനമാണ് ഒന്നാമത്തെ ഗ്രന്ഥമായ 'സ്നേഹത്തിന്റെ സന്തോഷം': ഒരു സമ്പൂർണ്ണപഠനം എന്ന ഗ്രന്ഥം. റവ. ഫാ. മാത്യു ചാർത്താംകുഴി, റവ. ഫാ. ഫിലിപ് ചെമ്പകശ്ശേരി, റവ. ഫാ. ഷീൻ പാലക്കുഴി, റവ. ഫാ. ഗീവർഗീസ് വല്ല്യചാങ്ങവീട്ടിൽ, റവ. ഫാ. സ്റ്റീഫൻ ആലത്തറ, റവ. ഫാ. തോമസ് കുഴിനാപ്പുറത്ത്, റവ. ഫാ. ജോൺ പടിപ്പുരയ്ക്കൽ, റവ. ഫാ. ജോസഫ് വള്ളിയാട്ട്, ഡോ. തോമസുകുട്ടി പനച്ചിയ്ക്കൽ എന്നിവരുടെ ഈടുറ്റ ലേഖനങ്ങൾ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 'മാതാപിതാക്കളും മക്കളും അറിയാൻ' എന്ന രണ്ടാമത്തെ പുസ്തകത്തിൽ കുടുംബജീവിതത്തിന്റെ വിവിധ വശങ്ങളെ അവധാനതയോടെ കൈകാര്യം ചെയ്തിരിക്കുന്നു. റവ. ഫാ. തോമസ് കുഴിനാപ്പുറത്ത്, ഡോ. വർഗീസ് മാത്യു എടത്വാ, ഡോ. എം.വി. തോമസ്, റവ. ഫാ. അനു ജോസ് കുന്നിൽ, ഡോ. ആൻസി ജയരാജ്, ഡോ. ജിബി ഗീവർഗീസ്, ശ്രീമതി. അനു ലേഖ എന്നിവരാണ് ലേഖനകർത്താക്കൾ. ഈ രണ്ട് ഗ്രന്ഥങ്ങളുടെയും എഡിറ്റർ റവ. ഡോ. തോമസ് കുഴിനാപ്പുറത്താണ്.

## വിശുദ്ധ മദർ തെരേസായെക്കുറിച്ചുള്ള അമൂല്യഗ്രന്ഥം

തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറലും പ്രശസ്ത ഗ്രന്ഥകാരനുമായ റൈറ്റ് റവ. മോൺ. ഡോ. കൊച്ചു തുണ്ടിൽ വി. മദർ തെരേസായെക്കുറിച്ച് ഇംഗ്ലീഷ് ഭാഷയിൽ 'Saint Mother Theresa' - A Symphony to God's Glory എന്ന ഗ്രന്ഥം രചിച്ചു. 2016 സെപ്റ്റംബർ 3-ന് പുറത്തിറങ്ങിയ ഈ ഗ്രന്ഥത്തിൽ രണ്ട് ഭാഗങ്ങളിലായി വി. മദർ തെരേസായുടെ വിശിഷ്ട ജീവിതത്തെ ആത്മീയമായ ഒരു പുനർവായനയ്ക്ക് വിധേയമാക്കപ്പെടുന്നു. കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസ് പ്രകാശനം നിർവ്വഹിച്ചിരിക്കുന്ന പ്രസ്തുത ഗ്രന്ഥം ഇപ്പോൾ വില്പനയ്ക്ക് ലഭ്യമാണ്.

**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ**

# ആദരാഞ്ജലികൾ

തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായ റവ. ഫാ. വർഗീസ് പ്ലാവിളയുടെ വത്സലമാതാവ് ശ്രീമതി റാഹേൽ (87) 2016 സെപ്റ്റംബർ 22-ന് നിര്യാതയായി. ശവസംസ്കാരം 2016 സെപ്റ്റംബർ 23-ന് ഏനാത്ത് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെയും ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെയും തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടെയും കാർമ്മികത്വത്തിൽ നടന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറൽമാരായ റൈറ്റ് റവ. മോൺ ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ, റൈറ്റ് റവ. മോൺ. ഡോ. ജോൺ കൊച്ചുതുണ്ടിൽ, മാവേലിക്കര ഭദ്രാസന വികാരി ജനറൽ റൈറ്റ് റവ. മോൺ. ജോർജ്ജ് ചരുവിള കോറെപ്പിസ്കോപ്പാ, പത്തനംതിട്ട ഭദ്രാസന വികാരി ജനറൽ റൈറ്റ് റവ. ജോസഫ് കുരുമ്പിലേത്ത്, കോറെപ്പിസ്കോപ്പാമാർ, വൈദികർ, സന്ന്യസ്തർ, വിശ്വാസികൾ എന്നിവർ സംബന്ധിച്ചു.

**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ.**

# ആദരാഞ്ജലികൾ

## റവ. സി. നീഹാ എസ്.ഐ.സി.



ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹം തിരുവനന്തപുരം പ്രൊവിൻസിലെ അംഗമായ **റവ. സി. നീഹാ എസ്.ഐ.സി.** (88) 2016 സെപ്റ്റംബർ 16-ന് നിര്യാതയായി. ഓമല്ലൂർ തെക്കേടത്ത് കുടുംബത്തിൽ പെട്ട കുഴിമേപ്പുറത്ത് കുടുംബബാംഗം. ചെങ്ങന്നൂർ ബഥനി ഹോസ്റ്റൽ, നാലാഞ്ചിറ, പെരുമ്പുഴ, എം.ടി.ടി.സി. ഹോസ്റ്റൽ, പുത്തൂർ, വെളിയം എന്നീ മഠങ്ങളിൽ സുപ്പീരിയറായും അംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ശവസംസ്ക്കാര ശുശ്രൂഷകൾ 2016 സെപ്റ്റംബർ 16-ന് ബഥനി മഠം ചാപ്പലിൽ റൈറ്റ് റവ. മോൺ. ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്കോപ്പായുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

## റവ. സി. പെർപെചa എസ്.ഐ.സി.



ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹം തിരുവനന്തപുരം പ്രൊവിൻസിലെ അംഗമായ **റവ. സി. പെർപെചa എസ്.ഐ.സി.** (77) 2016 സെപ്റ്റംബർ 24-ന് നിര്യാതയായി. വാളകം മാമൂട്ടിൽ കുടുംബാംഗം. ബഥനി ഹോസ്റ്റൽ, ഈരേഴ, നങ്ങ്യാർകുളം, ചെങ്ങന്നൂർ, വെൺമണി, കുടശനാട്, കുറവൻകോണം എന്നീ മഠങ്ങളിൽ സുപ്പീരിയറായും പ്രൊക്കുറേറ്ററായും ദീർഘകാലം അധ്യാപികയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ശവ സംസ്ക്കാര ശുശ്രൂഷകൾ 2016 സെപ്റ്റംബർ 27-ന് ബഥനി മഠം ചാപ്പലിൽ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനി യുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി സഹകാർമ്മികനായിരുന്നു.

**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ.**

# ഇടയനാളാഗമം

## ആഗസ്റ്റ് 2016

## (പ്രധാന പരിപാടികൾ)

**സെപ്റ്റംബർ 1**

വാഴ്ത്തപ്പെട്ട മദർ തെരേസായുടെ വിശുദ്ധപദ പ്രഖ്യാപന ചടങ്ങിൽ സംബന്ധിക്കുവാനായി വത്തിക്കാനിലേക്ക് പുറപ്പെട്ടു.

**സെപ്റ്റംബർ 4**

പരി. ഫ്രാൻസിസ് മാർപ്പാപ്പയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വാഴ്ത്തപ്പെട്ട മദർ തെരേസായുടെ വിശുദ്ധപദ പ്രഖ്യാപന ചടങ്ങിലും വി. കുർബാനയിലും സഹകാർമ്മികത്വം വഹിച്ചു.

**സെപ്റ്റംബർ 6**

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമ കരണനടപടികളുടെ മേജർ അതിഭദ്രാസനതല അന്വേഷണ രേഖ കൾ റോമിലെ നാമകരണ നടപടികളുടെ തിരുസംഘത്തിൽ സമർപ്പിച്ചശേഷം നാമകരണനടപടികൾക്കായുള്ള തിരുസംഘ ത്തിന്റെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ ആഞ്ചലോ അമാത്തോ തിരുമേനിയുമായി കൂടിക്കാഴ്ച നടത്തി.

പൗരസ്ത്യ തിരുസംഘ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ ലെയനാർഡോ സാന്ദ്രി തിരുമേനിയുമായി കൂടിക്കാഴ്ച നടത്തി.

**സെപ്റ്റംബർ 10**

ഇളമണ്ണൂർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയ ത്തിൽ വച്ച് ഷെർളിൻ രാജന്റെയും നീനു ജോയിയുടെയും വിവാഹം ആശീർവദിച്ചു.

തുടർന്ന് തിരുവല്ലായിൽ മലങ്കര മാർത്തോമ്മാ ദൈവാല യത്തിൽ നടന്ന ബഹു. ജലസേചനവകുപ്പുമന്ത്രി ശ്രീ. മാത്യു റ്റി. തോമസിന്റെ മകളുടെ വിവാഹ കൂദാശയിൽ സംബന്ധിച്ചു.

**സെപ്റ്റംബർ 12**

വില്ലൂർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയ ത്തിൽ വച്ച് ടിഞ്ചുവിന്റെയും ജെഫിയുടെയും വിവാഹം ആശീർവദിച്ചു.

**സെപ്റ്റംബർ 14**

രാവിലെ 6.30-ന് സ്ലീബാ പെരുന്നാളിനോടനുബന്ധിച്ച് തമലം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

**സെപ്റ്റംബർ 15**

രാവിലെ 9.00-ന് ബാംഗ്ലൂരിൽ നടന്ന -കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (CHAI) യുടെ 73-ാം വാർഷിക യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**സെപ്റ്റംബർ 16**

രാവിലെ 6.30-ന് പുത്തൂർ ഭദ്രാസനത്തിന്റെ സാമൂഹ്യക്ഷേമ കേന്ദ്രമായ കിഡ്സിൽ നടക്കുന്ന പരിശുദ്ധ സുന്നഹദോസിന് ആരംഭം കുറിച്ചുകൊണ്ട് നടന്ന വി. കുർബാനയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 20-ാം സാധാരണ പരി. എപ്പിസ്കോപ്പൽ സുന്നഹദോസിൽ അദ്ധ്യക്ഷത വഹിച്ചു.

**സെപ്റ്റംബർ 17**

പുനരൈക്യവാർഷികത്തോടനുബന്ധിച്ച് രാവിലെ നടന്ന എം.സി.വൈ.എം. ആഗോളസംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ഉച്ചകഴിഞ്ഞ് നടന്ന പുനരൈക്യ വിളംബരറാലിയിൽ സംബന്ധിച്ചു. തുടർന്ന് നടന്ന പുനരൈക്യ കുടുംബസംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം സുവിശേഷസന്ധ്യയ്ക്ക് ആത്മീയ നേതൃത്വം നൽകി.

**സെപ്റ്റംബർ 18**

86-ാം പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് പുത്തൂർ ഭദ്രാസനത്തിലെ നൂജിബാൽത്തിലയിൽ നടന്ന വി. സമൂഹബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ചു.

**സെപ്റ്റംബർ 19**

ബത്തേരി ഭദ്രാസന കത്തീഡ്രൽ ദൈവാലയത്തിന്റെ മൂറോൻ കൂദാശയുടെ ഒന്നാം ഭാഗം ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന സർവ്വമതസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**സെപ്റ്റംബർ 20**

ബത്തേരി ഭദ്രാസന കത്തീഡ്രൽ ദൈവാലയ മൂറോൻ കൂദാശയുടെ രണ്ടാം ഭാഗ ശുശ്രൂഷയ്ക്കും വി. കുർബാനയ്ക്കും മുഖ്യകാർമ്മികത്വം വഹിച്ചു.

**സെപ്റ്റംബർ 21–24**

ബാംഗ്ലൂരിൽ നടന്ന സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**സെപ്റ്റംബർ 25**

തിരുവല്ലാ അതിഭദ്രാസനത്തിലെ ബാലഗ്രാം ദൈവാലയ ത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**സെപ്റ്റംബർ 27**

രാവിലെ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനി യോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ മേജർ അതി ഭദ്രാസനതല അന്വേഷണ രേഖകളുടെ മൂലരേഖ (ആർക്കിടൈപ്പ്) മേജർ അതിഭദ്രാസന ആർക്കൈയ്സിൽ സ്വീകരിക്കുകയും അവ മുദ്രവയ്ക്കുകയും ചെയ്തു.

ഉച്ചയ്ക്ക് പട്ടം തിരുസന്നിധി അരമനയിൽ നടന്ന ഓണാ ഘോഷ പരിപാടികളിൽ സംബന്ധിച്ചു.

നാലാഞ്ചിറ ബഥനി മഠം ചാപ്പലിൽ വച്ച് റവ. സി. പെർപെചā എസ്.ഐ.സി. യുടെ ശവസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**സെപ്റ്റംബർ 28**

കാട്ടാക്കട വൈദികജില്ലയിലെ കാട്ടുവിള മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെയും പരി. ദൈവമാതാവിന്റെയും കുരിശ്ശടിയുടെയും കൂദാശാകർമ്മം നിർവ്വഹിച്ചു.

**സെപ്റ്റംബർ 29**

പുനലൂർ വൈദികജില്ലയിലെ കറവൂർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നവാഭിഷിക്തനായ റവ. ഫാ. ജെറി പുതുപറമ്പിൽ അർപ്പിച്ച വി. കുർബാനയിൽ വചനസന്ദേശം നൽകി.

**സെപ്റ്റംബർ 30**

കൽക്കട്ടായിൽ നടന്ന വി. മദർ തെരേസായുടെ വിശുദ്ധ പദ പ്രഖ്യാപന കൃതജ്ഞതാബലിയിൽ സംബന്ധിച്ചു.

# സ്മരണീയ ദിനങ്ങൾ

## ഒക്ടോബർ 2016

| | | |
|---|---|---|
| 1 | ശനി | വി. കൊച്ചുത്രേസ്യാ |
| 2 | **ഞായർ** | **സ്ലീബാപെരുന്നാളിനുശേഷം മൂന്നാം ഞായർ** |
| | | **മലങ്കര സുറിയാനി കത്തോലിക്കാ യുവജനദിനം** |
| | | കാവൽ മാലാഖമാർ |
| 3 | തിങ്കൾ | അരിയോപാഗസിലെ മാർ ദിവന്നാസിയോസ് |
| 4 | ചൊവ്വ | വി. ഫ്രാൻസിസ് അസീസ്സി |
| | | മാർ ദുമാത്തിയോസ് |
| 7 | വെള്ളി | മാർ സർഗീസും മാർ ബാക്കോസും |
| | | ജപമാലത്തിരുനാൾ |
| 9 | **ഞായർ** | **സ്ലീബാപെരുന്നാളിനുശേഷം നാലാം ഞായർ** |
| | | ഗോത്രപിതാവായ അബ്രഹാം |
| 10 | തിങ്കൾ | **ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മ** |
| | | ദാനിയേൽ നിബിയാ |
| 11 | ചൊവ്വ | മാർ പീലിപ്പോസ് ശെമ്മാശൻ |
| 13 | വ്യാഴം | മാർ കാർപ്പോസ് |
| 15 | ശനി | ആവിലായിലെ വി. അമ്മത്രേസ്യാ |
| 16 | **ഞായർ** | **സ്ലീബാപെരുന്നാളിനുശേഷം അഞ്ചാം ഞായർ** |
| 17 | തിങ്കൾ | സുവിശേഷകനായ വി. ലൂക്കോസ് |
| 20 | വ്യാഴം | ജോയേൽ നിബിയ |
| 22 | ശനി | മാർ ഹിലാരിയോൻ |
| 23 | **ഞായർ** | **സ്ലീബാപെരുന്നാളിനുശേഷം ആറാം ഞായർ** |
| | | **മിഷൻ ഞായർ** |
| | | **ഹൽപെയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹാ** |
| 28 | വെള്ളി | **ബത്തേരി ഭദ്രാസന സ്ഥാപനദിനം** |
| 30 | **ഞായർ** | **കൂദോശ് ഈത്തൊ ഞായർ** (സഭയുടെ വിശുദ്ധീകരണം) |
| | | **ആരാധനക്രമവത്സരാരംഭം** |

## ജന്മദിനാശംസകൾ

### ഒക്ടോബർ 2016

02 - റവ. ഫാ. ഡാനിയേൽ കുളങ്ങര
04 - റവ. ഫാ. ജേക്കബ് കളിയന്താനം
- റവ. ഫാ. ജോഷ്വാ പാറയിൽ
05 - വെരി റവ. ഫാ. വർക്കി ആറ്റുപുറത്ത്
10 - റവ. ഫാ. സാമുവേൽ തോപ്പിൽ
13 - റവ. ഫാ. കോശി അയ്യനേത്ത്
റവ. ഫാ. സാം റ്റി. ജോൺ തടത്തിൽ
21 - റവ. ഫാ. എബ്രഹാം ജോസഫ് കന്നിലേത്ത്
25 - വെരി റവ. ഫാ. ജോൺ വിളയിൽ
29 - റവ. ഫാ. ബർണാഡ് വലിയവിള

## പ്രാർത്ഥനയിൽ ഓർക്കാം

### ഒക്ടോബർ 2016

01 - റവ. ഫാ. ജോസഫ് താഴത്തുവീട്ടിൽ
09 - റവ. ഫാ. പത്രോസ് കീപ്പള്ളിൽ
- റവ. ഫാ. ഡാനിയേൽ പുത്തൻപുരയിൽ
10 - റവ. ഫാ. വർഗ്ഗീസ് കന്നിമേൽ
- റവ. ഫാ. ജോസഫ് വാഴപ്പിള്ളേത്ത്
- റവ. ഫാ. ഡാനിയേൽ അയ്യനേത്ത്
15 - റവ. ഫാ. പത്രോസ് കിഴക്കേവീട്ടിൽ
- റവ. ഫാ. സെബാസ്റ്റ്യൻ നെടുങ്കല്ലേൽ
23 - റവ. ഫാ. പി.റ്റി. ഗീവർഗീസ് പണിക്കർ
- റവ. ഫാ. മാത്യു തേക്കുംകാട്ടിൽ
26 - റവ. ഫാ. ചാക്കോ മുണ്ടപ്പള്ളി
- റവ. ഫാ. ഗീവർഗ്ഗീസ് തടത്തിൽ
30 - റവ. ഫാ. തോമസ് പാലത്തുംതലക്കൽ

## അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

### ഒക്ടോബർ 2016

| | | |
|---|---|---|
| 1-2 | | കൽക്കട്ട |
| 3-7 | | പാലാ (വാർഷികധ്യാനം) |
| 8 | | കോട്ടയം |
| 9 | 09.00 am | മെഴുവേലി |
| | 04.00 pm | നാലാഞ്ചിറ |
| 10 | | കത്തീഡ്രൽ (മാർ ഗ്രിഗോറിയോസ് ദിനം) |
| 11 | | വേങ്ങോട് |
| 13 | | എം.എസ്സ്.എസ്സ്.എസ്സ്., പട്ടം |
| 14 | | കുന്നപ്പുഴ |
| 15 | 10.00 am | ജയമാതാ (നാലാഞ്ചിറ) |
| | 2.00 pm | കുഴിഞ്ഞാൻവിള (മദ്ബഹാ കൂദാശ) |
| 16 | 8.30 am | കുഴിഞ്ഞാൻവിള |
| | 2.00 pm | തിരുവല്ലം |
| 17 | | വന്യക്കോട് (മദ്ബഹാ കൂദാശ) |
| 18 | | കാലടി |
| 19-20 | | ന്യൂഡൽഹി |
| 21 | | തൃശ്ശൂർ |
| 22 | 8.00 am | കോഴിയോട് |
| | 3.30 pm | കരിമ്പനാംകുഴി |
| 23 | | ചെങ്കുളം |
| 24 | | കാഞ്ഞിരപ്പള്ളി |
| 26-Nov. 2 | | റോം |

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# യുവജനദിന സന്ദേശം-2016

### യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ സന്ദേശം

ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, എന്റെ പ്രിയമുള്ള യുവജനസുഹൃത്തുക്കളെ,

അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ തിരുന്നാളും യുവജനദിനവും 2016 ഒക്ടോബർ 2-ാം തീയതി നാം ആഘോഷിക്കുന്നു. ദൈവകൃപയുടേയും ദൈവകരുണയുടേയും ഈ പ്രത്യേക അവസരത്തിൽ, എന്റെ പ്രിയപ്പെട്ട യുവജന സുഹൃത്തുക്കളെയും, വളരെ പ്രത്യേകമായി യുവജന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ബഹു. വൈദികരേയും സിസ്റ്റേഴ്സിനേയും, അല്മായരേയും ഞാൻ അഭിവാദനം ചെയ്യുന്നു. ലോകയുവജന ദിനത്തിനായി ഏഴു ഭൂഖണ്ഡങ്ങളിൽ നിന്ന് ഒത്തുകൂടിയ യുവജനങ്ങളിലേയ്ക്ക് സന്നിവേശിപ്പിക്കപ്പെട്ട കരുണയുടെ സ്ഫുരണങ്ങൾ ലോകത്തിന്റെ എല്ലാ കോണുകളിലേയ്ക്കും എത്തിച്ചേർന്നുകൊണ്ടിരിക്കുന്നു. 2015 ഡിസംബർ 8 അമലോത്ഭവത്തിരുന്നാളിൽ സമാരംഭിച്ച കരുണയുടെ വർഷാചരണം 2016 നവംബർ 20 ക്രിസ്തുരാജത്വ തിരുന്നാൾ ദിവസം സമാപിക്കുകയാണ്. ഇനിയും കുറച്ചു ദിവസങ്ങൾ മാത്രമാണ് നമ്മുടെ മുമ്പിലുള്ളത്. ആയതിനാൽ, സഭയിലും ലോകത്തിലും യുവജനങ്ങൾ കരുണയുടെ സംവാഹകരാകുവാൻ കരുണയെന്ന വിഷയത്തെക്കുറിച്ച് ധ്യാനിക്കുന്നത് പ്രസക്തവും അർത്ഥപൂർണവുമാണ്.

**കരുണ: ക്രിസ്തു ശിഷ്യരുടെ ശ്രേഷ്ഠമായ അടയാളം**

ദൈവ പ്രീതിയുടെ ഈ ജൂബിലി വർഷം, "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്ക 6: 36) എന്ന കർത്തൃവചനത്തിന്റെ വെളിച്ചത്തിൽ ജീവിക്കാൻ നമ്മെ ക്ഷണിക്കുന്നു: . വി. ലൂക്കോസിന്റെ സുവിശേഷത്തിൽ ക്രിസ്തുശിഷ്യരുടെ ശ്രേഷ്ഠമായ അടയാളം കരുണയാണ്, എന്നാൽ വി. മത്തായിയുടെ സുവിശേഷത്തിൽ ഇത് പൂർണതയാണ്. "നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ 5:48). സഹോദരനോട് രമ്യപ്പെടുക, വ്യഭിചാരം ചെയ്യരുത്, വിവാഹമോചനത്തിനെതിരെയുള്ള ശാസന, കള്ളസത്യത്തെക്കുറിച്ചുള്ള മുന്നറിയിപ്പ്, തിന്മയെ നന്മകൊണ്ട് നേരിടുക, ശത്രുക്കളെ സ്നേഹിക്കുക തുടങ്ങിയ കാര്യങ്ങൾ വിവരിച്ചതിനെത്തുടർന്നാണ് ഗിരിപ്രഭാഷണത്തിൽ നാം ഈ പ്രസ്താവന കാണുന്നത്. ഇക്കാര്യങ്ങൾക്കു ശേഷം മാത്രമാണ് പിതാവിനെപ്പോലെ പൂർണരാകുക എന്ന പ്രബോധനം നാം കാണുന്നത്. അതിനർത്ഥം, സ്നേഹം പ്രാവർത്തിക്കമാക്കുന്നവരാണ് പൂർണരാകുന്നത് എന്നാണ്.

അതിരറ്റ സ്നേഹനിധിയായ കരുണാമയനായ ദൈവം തന്റെ കൃപയും കരുണയും വഴി തന്നെത്തന്നെ നമുക്ക് പകർന്നുതരുന്നു. ക്രിസ്തു ശിഷ്യർ ദൈവസ്നേഹം അനുഭവിക്കുന്നത് കൃപയും കരുണയുമായിട്ടാണ്. ഈ കൃപയിലും കരുണയിലും വളരാനാണ് അവർ വിളിക്കപ്പെട്ടിരിക്കുന്നതും, അതുതന്നെയാണ് ക്രിസ്തീയ ജീവിതത്തിന്റെ പൂർണതയും. താഴെപ്പറയുന്ന വാക്കുകളിൽ ക്രിസ്തീയ പൂർണത വിശദമാക്കുന്നു: "അവിടുന്ന് ശിഷ്ടരുടേയും ദുഷ്ടരുടേയും മേൽ സൂര്യനെ ഉദിപ്പിക്കുകയും, നീതിമാന്മാരുടേയും നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്നു" (മത്താ 5:45). സ്വർഗസ്ഥ പിതാവിനെപ്പോലെ പരിപരിപൂർണരാകുന്നതിന് രണ്ടു മാർഗങ്ങൾ മാത്രമാണുള്ളത്, പൂർണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുകയും കരുണാർദ്രമായ ഹൃദയത്തോടെ അയൽക്കാരെ സ്നേഹിക്കുകയും ചെയ്യുക. പൂർണതയുടെ ഈ രണ്ടു ചേരുവകകൾ അനുദിന ജീവിതത്തിൽ സമന്വയി

പ്പിക്കുന്നവർക്ക് മാത്രമേ ദൈവകരുണ അനുഭവിക്കാൻ സാധിക്കുകയുള്ളൂ. അതെസമയം നാം ഓർക്കേണ്ടതെന്തെന്നാൽ, കരുണയെന്നാൽ ആളുകളുടെ തിന്മയുടെ വഴികളെ അംഗീകരിക്കുകയല്ല, പിന്നെയോ, വ്യക്തികൾക്ക് അർഹമായ ബഹുമാനം നൽകി അവരെ നല്ല പാതയിലേയ്ക്ക് കൊണ്ടുവരിക എന്നതാണ്.

ക്രിസ്തുവിനെ അനുധാവനം ചെയ്ത് ക്രിസ്തുമതത്തിന്റെ യഥാർത്ഥമുഖം ലോകത്തിന് കാണിച്ചുകൊടുത്ത വിശുദ്ധരിൽ ഒരാളാണ് കൽക്കത്തയിലെ വി. മദർ തെരേസ. പാവങ്ങളോടും ആവശ്യക്കാരോടുമുള്ള അവരുടെ അനുകമ്പയും സ്നേഹപൂർണമായ പരിചരണവും വഴി സ്നേഹത്തിന്റെ കൽപന ജീവിക്കുകയും ക്രിസ്തുമതം എന്തെന്ന് അവർ ലോകത്തിന് കാണിച്ചുകൊടുക്കുകയും ചെയ്തു. ക്രിസ്തു ഒരു കല്പന മാത്രമേ ശിഷ്യർക്കു നൽകിയിട്ടുള്ളൂ, അത് സ്നേഹത്തിന്റെ കല്പനയാണ്. “ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും” (യോഹ 13:34-35). അനുകമ്പയുള്ള ഒരു മനുഷ്യ സമൂഹത്തെ വാർത്തെടുക്കാൻ ലോകത്തിന്റെ മുറിവുകൾ കരുണയും ക്ഷമയുമാകുന്ന ലേപനങ്ങൾക്കൊണ്ട് സുഖമാക്കപ്പെടണം. ഇപ്പോഴത്തെ യുവതലമുറ പലതരത്തിൽ രോഗാതുരമാണ്. വിദ്യ പ്രധാനം ചെയ്യാത്തതും ലാഭത്തിനും പ്രശസ്തിയ്ക്കുമായി മത്സരിക്കുന്ന മാധ്യമങ്ങളാൽ അത് മുറിവേൽക്കപ്പെട്ടിരിക്കുന്നു. പരമ്പരാഗതമായ കുടുംബപ്രാർത്ഥനകൾ, ഒന്നിച്ചു ഭക്ഷിക്കുന്നതുപോലെയുള്ള കുലീനമായ ശീലങ്ങൾ എന്നിവ അപ്രത്യക്ഷമായിരിക്കുന്നു. തകർന്ന കുടുംബങ്ങൾ യുവജനങ്ങളെ കൂട്ടുകെട്ടുകളുടെ സമ്മർദങ്ങളിലേയ്ക്കും അന്ധമായ അനുകരണത്തിലേയ്ക്കും തള്ളിവിടുന്നു. പ്രകൃതിക്കും മനുഷ്യത്വത്തിനുമെതിരെയുള്ള കുറ്റകൃത്യങ്ങൾമൂലം സമൂഹത്തിലുണ്ടായിട്ടുള്ള മുറിവുകൾ പ്രകൃതിയോടും സഹജീവജാലങ്ങളോടും കരുണകാണിക്കുന്നതിലൂടെ മാത്രമേ സൗഖ്യമാക്കപ്പെടുകയുള്ളൂ.

“പിതാവിന്റെ കരുണയുടെ മുഖമാണ് ക്രിസ്തു.... നസ്രത്തിലെ യേശു, തന്റെ വാക്കുകളിലൂടെ, പ്രവർത്തികളിലൂടെ, തന്റെ

പൂർണ വ്യക്തിത്വത്തിലൂടെ ദൈവത്തിന്റെ കരുണ വെളിപ്പെടുത്തുന്നു." വാസ്തവത്തിൽ, അവൻ കരുണ തന്നെയാണ്. "അവനിലുള്ള സകലതും കരുണ പ്രഘോഷിക്കുന്നു. അനുകമ്പ കൂടാത്ത ഒന്നും തന്നെ അവനിലില്ല.'' (ഫ്രാൻസിസ് മാർപാപ്പാ, *Misericordiae Vultus* (കരുണയുടെ മുഖം), 8) "ഉണങ്ങിവരണ്ട ഭൂമിയെപ്പോലും പൂന്തോട്ടമാക്കാനും അസ്ഥിക്കൂമ്പാരത്തിന് ജീവൻ നൽകാനും ദൈവകരുണയ്ക്ക് സാധിക്കും (cf. എസെ 37:1-14)... ദൈവകരുണയാൽ നമുക്ക് നവീകരിക്കപ്പെടാം, ക്രിസ്തുവിനാൽ നമുക്ക് സ്നേഹിക്കപ്പെടാം, നമ്മുടെ ജീവിതങ്ങളെ രൂപാന്തരീകരിക്കാൻ അവന്റെ സ്നേഹത്തിന്റെ ഊർജ്ജം നമുക്ക് ശക്തിപ്പെടുത്താം, അതുപോലെ, ദൈവം ഈ ലോകത്തെ നനയ്ക്കുകയും എല്ലാ സൃഷ്ടികളെയും സംരക്ഷിക്കുകയും ചെയ്യുന്ന ഈ കരുണയുടെ കാര്യസ്ഥരായി നമുക്ക് മാറാം, അങ്ങനെ നീതിയും സമാധാനവും പൂത്തുലയട്ടെ. (2013 മാർച്ച് 31-ലെ മാർപാപ്പായുടെ ഈസ്റ്റർ ദിന സന്ദേശം -*Urbi et Orbi*). സഭ ജനങ്ങളോടുള്ള അവളുടെ നിസ്വാർത്ഥമായ ശുശ്രൂഷയിലൂടെ അവളുടെ ക്രിസ്തുദൗത്യം തുടരുന്നു. ഊർജ്ജസ്വലമായ യുവത്വത്തിന് ഫലവത്തായരീതിയിൽ ഈ സമൂഹത്തെ മാനുഷികവും കരുണാർദ്രവുമാക്കാം. ഈ ദൗത്യം നമ്മുടേതാക്കി മാറ്റാം.

**കരുണയുടെ പ്രവർത്തികൾ പരിശീലിക്കുക**

ഈ കാലഘട്ടത്തിൽ നമുക്ക് വെല്ലുവിളിയുയർത്തുന്ന രണ്ടു വാക്കുകളാണ് ദുരിതവും കരുണയും (Misery and Mercy). ദുരിതം തിന്മയുടെ മുഖത്തെ പ്രതിനിധീകരിക്കുന്നു. മൗലികവാദം, തീവ്രവാദം, തകർക്കപ്പെട്ട കുടുംബബന്ധങ്ങൾ, അഴിമതി, അതുപോലെയുള്ള മറ്റു മാനുഷിക ദുരിതങ്ങൾ തിന്മയുടെ മുഖം പ്രകടമാക്കുന്നു. മനുഷ്യകുലത്തിലുള്ള ഏക പ്രത്യാശ "കരുണയുടെ പിതാവും സകല സമാശ്വാസത്തിന്റെയും ദൈവവുമായ" (2കോറി 1:3) ദൈവമായ കർത്താവാണ്. ഇപ്രകാരമുള്ള ദുരിതത്തിൽ ജീവിക്കുന്ന മനുഷ്യൻ ദൈവത്തെ കരുണയുടെ ദൈവമായി എളുപ്പത്തിൽ മനസിലാക്കുന്നു. അതുകൊണ്ട് ദൈവകരുണ ജീവിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നതിനെയാണ് സഭ തന്റെ പ്രേഷിത ദൗത്യമായി മനസിലാക്കുന്നത്. കരുണയുടെ

പ്രവർത്തികൾ ദുഃഖിതർക്കും പ്രത്യാശ നഷ്ടപ്പെട്ടവർക്കും പ്രതീക്ഷ നൽകുന്നു. ദൈവകരുണ അനുഭവിക്കാൻ മാത്രമല്ല അതു മറ്റുള്ള വരോട് പ്രകടിപ്പിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. ദൈവക രുണ അമൂർത്തമായ സങ്കല്പമല്ല, പിന്നെയോ, തന്റെ സ്നേഹം വെളിപ്പെടുത്തുന്ന ഇന്ദ്രിയഗോചരമായ യാഥാർത്ഥ്യമാണ്. മറ്റുള ളവരോട് നമ്മുടെ പ്രവർത്തികളിലൂടെയും വാക്കുകളിലൂടെയും പ്രാർത്ഥനയിലൂടെയും കരുണാർദ്രരാകുന്നതിലൂടെയാണ് നാം കരുണ പ്രാവർത്തികമാക്കുന്നത്; മറ്റൊരു രീതിയിൽ പറഞ്ഞാൽ, ശാരീരികവും ആത്മീകവുമായ കാരുണ്യപ്രവർത്തികൾ ചെയ്യു ന്നതിലൂടെയാണ്.

ആത്മീകവും ശാരീരികവുമായ കാരുണ്യപ്രവർത്തികളിലൂ ടെ നാം നമ്മുടെ അയല്ക്കാരുടെ ആത്മീകവും ശാരീരികവുമായ ആവശ്യങ്ങളിൽ സഹായിക്കാനെത്തിച്ചേരുന്നു. അറിവില്ലാത്തവരെ പഠിപ്പിക്കുക, സംശയം ഉള്ളവരുടെ സംശയം തീർക്കുക, ദുഖി തരെ ആശ്വസിപ്പിക്കുക, തെറ്റു ചെയ്യുന്നവരെ തിരുത്തുക, ഉപദ്ര വങ്ങൾ ക്ഷമിക്കുക, അന്യരുടെ കുറവുകൾ ക്ഷമയോടെ സഹി ക്കുക, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നിവയാണ് കരുണയുടെ ആത്മീക പ്രവർത്തികൾ. വിശക്കു ന്നവർക്ക് ഭക്ഷണം കൊടുക്കുക, ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുക, വസ്ത്രം ഇല്ലാത്തവർക്ക് വസ്ത്രം കൊടുക്കുക, പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിടം നൽകുക, രോഗികളെ സന്ദർശിക്കുക, തടവുകാരെ സന്ദർശിക്കുക, മരിച്ചവരെ സംസ്ക്ക രിക്കുക എന്നിവയാണ് കരുണയുടെ ശാരീരിക പ്രവർത്തികൾ. ആത്മീകവും ശാരീരികവുമായ കാരുണ്യപ്രവർത്തികൾ മനുഷ്യ ദുരിതങ്ങൾ ലഘൂകരിക്കുന്നു. യുവജനങ്ങൾ അവരുടെ കഴിവനു സരിച്ചും തങ്ങളുടെ അയൽക്കാരുടെ ആവശ്യമനുസരിച്ചും കരു ണയുടെ പ്രവർത്തികൾ ചെയ്യാൻ കടപ്പെട്ടിരിക്കുന്നു. കരുണയുടെ ഏഴു ശാരീരിക പ്രവർത്തികൾ, അതിന്റെ ആത്മീക തലത്തിൽ അടിസ്ഥാനമുറപ്പിച്ചില്ലെങ്കിൽ യഥാർത്ഥത്തിൽ ക്രിസ്തീയമായി രിക്കുകയില്ല. ആത്മീക പ്രവർത്തികൾ കൂടാതെ കരുണയുടെ ശാരീരിക പ്രവർത്തികൾ ചെയ്യാനാവില്ല. ഇവ ഭൗതിക പ്രവർത്തി കളെ അനുധാവനം ചെയ്യുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

ക്രിസ്ത്യാനി ചെയ്യുന്ന കരുണയുടെ പ്രവർത്തികൾ യേശു ക്രിസ്തുവിനെ സൂചിപ്പിക്കുന്നു; സാക്ഷ്യപ്പെടുത്തുന്നു. ആയതി നാൽ യേശുവിനെ ഏററം അടുത്ത് അനുകരിക്കുവാൻ ശ്രമിക്കുന്ന ഒരാൾക്ക് കരുണയുടെ പ്രവർത്തികൾ ചെയ്യാതിരിക്കാനാവില്ല. ആത്മീയത കരുണയുടെ പ്രവർത്തികൾക്കാധാരം എന്ന് വ്യക്തം.

**ലോകത്തെ മാറ്റുന്ന കരുണയുടെ പ്രവർത്തികൾ**

കരുണയുടെ പ്രവർത്തികൾക്ക് ലോകത്തെ മാറ്റാനുള്ള ശക്തിയുണ്ട്. ഇത് സ്വർഗീയ ജീവിതത്തിന്റെ സവിശേഷതയും ശക്തമായ ആയുധവുമാണ്. ദൈവത്തിന് മറ്റുള്ളവരോടുള്ള കരുണയുടെ ഉപകരണങ്ങളാകാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ യുവജനങ്ങളെ ക്ഷണിക്കുന്നു. യുവജനങ്ങൾ കരുണ യുടെ ആത്മീകവും ശാരീരികവുമായ പ്രവർത്തികൾ ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നു. മറ്റുള്ളവരോട് കരുണകാണിക്കുക എന്നത് കത്തോലിക്കാ സംസ്ക്കാരമാണ്. “പാപം, ധാർമിക തിന്മ, ആത്മീക തിന്മ, എന്നിവയാകുന്ന ‘അർബുദ’ത്തിൽനിന്ന് മനുഷ്യനെയും ലോകത്തെയും രക്ഷിക്കാനുള്ള യഥാർത്ഥ ശക്തിയാണ് കരുണ” (ആഞ്ചലൂസ് 15 സെപ്തംബർ, 2013). കരുണ പാപികളെ രൂപാന്ത രീകരിക്കുകയും അവർക്ക് പുതുജീവൻ നൽകുകയും ചെയ്യുന്നു. യുവജനദിനം അർത്ഥപൂർണമായി ആഘോഷിക്കാനുള്ള ഏറ്റവും നല്ല മാർഗം കരുണയുടെ പ്രവർത്തികൾ പ്രാവർത്തികമാക്കുക എന്നുള്ളതാണ്. പ്രിയ യുവജന സുഹൃത്തുക്കളെ, പാർശ്വവത്ക രിക്കപ്പെട്ടവരെ കരുണയുടെ പ്രവർത്തികളിലൂടെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ നമ്മുടെ സഹായഹസ്ത ങ്ങൾ നൽകാം.

ഈ യുവജനദിനം അർത്ഥപൂർണമായി അതാതു തലങ്ങ ളിൽ ആഘോഷിക്കാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. സഭാതലത്തിലെ യുവജനദിനാഘോഷം പത്തനംതിട്ട ഭദ്രാസന ത്തിലെ കാർമ്മല, മലങ്കര സുറിയാനി കത്തോലിക്കാ ദൈവാല യത്തിൽവച്ച് ഒക്ടോബർ 2-ന് നടക്കുന്നതാണ്. അന്നേദിവസത്തെ സ്തോത്രക്കാഴ്ചയും പ്രത്യേക സംഭാവനകളും ഭദ്രാസന ഫിനാൻസ് ഓഫീസിൽ അടയ്ക്കേണ്ടതാണെന്ന് ഞാൻ ഓർമി പ്പിക്കുന്നു. പ്രസ്തുത തുകയുടെ പകുതി ഭദ്രാസനതല യുവജന

ശുശ്രൂഷയ്ക്ക് വിനിയോഗിക്കാവുന്നതാണ്. സഭാതല യുവജന ശുശ്രൂഷയ്ക്കുവേണ്ടി പ്രസ്തുത തുകയുടെ മറുപകുതി മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായിലേയ്ക്ക് അയച്ചുകൊടുക്കാൻ ഭദ്രാസന ഫിനാൻസ് ഓഫീസർമാരെ പ്രത്യേകം ഓർമ്മപ്പെടുത്തട്ടെ.

ദൈവം നിങ്ങളെല്ലാവരേയും അനുഗ്രഹിക്കട്ടെ!



**✠ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത**
ചെയർമാൻ, സഭാതല യുവജന സിനഡൽ കമ്മീഷൻ,
മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ

20-09-2016
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

---

*N.B: ഈ സർക്കുലർ ഒക്ടോബർ 2-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകകളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*



ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണനടപടികളുടെ
മേജർ അതിഭദ്രാസനതല അന്വേഷണ രേഖകൾ റോമിലെ നാമകരണ നടപടികളുടെ തിരുസംഘത്തിൽ
സമർപ്പിച്ചശേഷം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയും അഭിവന്ദ്യ തോമസ് മാർ
അന്തോണിയോസ് തിരുമേനിയും തിരുസംഘ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ
ആഞ്ചലോ അമാത്തോ തിരുമേനിയോടൊപ്പം (06 - 09 - 2016)





അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത കാട്ടുവിള (കാട്ടാക്കട വൈദികജില്ല)
മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയവും പരി. ലൂർദ്ദ് മാതാവിന്റെ നാമത്തിൽ
സ്ഥാപിതമായ കുരിശടിയും (28 - 09 - 2016).

KL/TV(N)461/2009-11 RN, KERBIL 01108/11/1/97-TC
THIRUVANANTHAPURAM MAJOR ATHIBHADRASANA BULLETIN PRICE RS.5/-



2016 സെപ്റ്റംബർ മാസം 20 - ാം തീയതി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി
മൂറോൻ കൂദാശ ചെയ്ത ബത്തേരി ഭദ്രാസന കത്തീഡ്രൽ ദൈവാലയം

From

**Editor**
Major Athibhadrasana Bulletin
Major Archbishop's House
Pattom P.O., Trivandrum - 4

Printed and Published by the Chancellor, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116, 2443374